2023
SEPTEMBER
08
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഇന്റർനെറ്റ് ഇല്ലാതെയും ഇനി യുപിഐ ഇടപാട്




**ന്യൂഡൽഹി:** ഫോണിൽ ഇന്റർനെറ്റ് ഓഫ് ആണെങ്കിലും തൊട്ടടുത്തുള്ള മറ്റൊരു ഫോണിലേക്ക് ഇനി യുപിഐ വഴി പണമയയ്ക്കാം. ഇതിനുള്ള യുപിഐ ലൈറ്റ് എക്സ് ഫീച്ചർ നാഷനൽ പേയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) അവതരിപ്പിച്ചു. ഫോണിലെ നിയർ ഫീൽഡ് കമ്യൂണിക്കേഷൻ (എൻഎഫ്സി) സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

ഉദാഹരണത്തിന് ഇന്റർനെറ്റ് ലഭ്യമല്ലാത്ത ഒരു ഭൂഗർഭ മെട്രോ സ്റ്റേഷനിലോ, വിമാനത്തിലോ ആണെങ്കിൽ പണം അയയ്ക്കേണ്ട ഫോണിലേക്ക് നമ്മുടെ ഫോൺ മുട്ടിച്ച് ഇടപാട് പൂർത്തിയാക്കാം. ഫോൺ ഫ്ലൈറ്റ് മോഡിൽ ആണെങ്കിലും പേയ്മെന്റ് നടത്താമെന്നു ചുരുക്കം. യുപിഐ ലൈറ്റ് എക്സ് അടക്കമുള്ള ഫീച്ചറുകൾ വൈകാതെ ഫോണുകളിൽ ലഭ്യമായിത്തുടങ്ങും. റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് ആണ് പുതിയ ഫീച്ചറുകൾ അവതരിപ്പിച്ചത്.

പുതിയതായി വരുന്ന ടാപ് ആൻഡ് പേ സൗകര്യമുള്ള ക്യുആർ കോഡ് ബോക്സുകളിൽ സ്കാൻ ചെയ്യുന്നതിനു പകരം ഇനി ഫോൺ മുട്ടിച്ചും പേയ്മെന്റ് ചെയ്യാം. ഫോണിൽ ഇന്റർനെറ്റ് ഇല്ലെങ്കിലും ഈ പേയ്മെന്റ് നടക്കുമെന്നതാണ് മെച്ചം.

ഒരു സ്മാർട് ഫോണിൽ നിന്ന് സാധാരണ ഫീച്ചർ ഫോണിലേക്കും പേയ്മെന്റ് നടക്കും. ഇതിനായി സാധാരണ ഫോണിന്റെ പിന്നിൽ എൻപിസിഐ പുറത്തിറക്കുന്ന യുപിഐ ടാഗ് ഒട്ടിച്ചുവച്ചാൽ മതി. ഇതിലേക്ക് സ്മാർട്ഫോൺ മുട്ടിച്ച് പേയ്മെന്റ് നടത്താം.

ക്രെഡിറ്റ് കാർഡുകൾക്ക് പകരം യുപിഐ വഴി തന്നെ വായ്പാസേവനം ലഭ്യമാക്കാൻ 5 ബാങ്കുകൾ സജ്ജമായി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ), പഞ്ചാബ് നാഷനൽ ബാങ്ക്, ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവയാണ് ബാങ്കുകൾ. ക്രെഡിറ്റ് കാർഡ് വഴി വായ്പ അനുവദിക്കുന്നതു പോലെ ബാങ്ക് ക്രെഡിറ്റ് ലൈൻ എന്ന പേരിൽ വായ്പ അനുവദിക്കും. ഈ ക്രെഡിറ്റ് ലൈൻ ഗൂഗിൾ പേ, പേയ്ടിഎം പോലെയുള്ള യുപിഐ ആപ്പുകളുമായി ബന്ധിപ്പിക്കാം.

യുപിഐ ആപ്പിനോട് സംസാരിച്ചുകൊണ്ട് ഇനി പേയ്മെന്റ് ചെയ്യാം. ഉദാഹരണത്തിന് ഫോണിലെ കോണ്ടാക്ട് ലിസ്റ്റിലുള്ള ആദർശ് എന്ന വ്യക്തിക്ക് പണമയയ്ക്കണമെങ്കിൽ യുപിഐ ആപ്പിലെ മൈക്ക് ചിഹ്നത്തിൽ ടാപ് ചെയ്ത ശേഷം ആദർശിന് പണമയയ്ക്കൂ എന്ന് നിർദേശിക്കാം. പിൻ അടക്കം ഇത്തരത്തിൽ ശബ്ദരൂപത്തിൽ കമാൻഡ് നൽകാം. ആദ്യഘട്ടത്തിൽ ഹിന്ദി, ഇംഗ്ലിഷ് ഭാഷകളാണ് ലഭ്യം.

ഭാരത് ബിൽപേയുടെ വാട്സാപ് നമ്പർ വഴി വൈദ്യുതി ബിൽ അടക്കമുള്ള ബിൽ പേയ്മെന്റുകൾ എളുപ്പത്തിൽ നടത്താം. സ്മാർട്ഫോൺ ഇല്ലാത്തവർക്ക് നിശ്ചിത നമ്പറിലേക്ക് മിസ്ഡ് കോൾ നൽകിയും പേയ്മെന്റ് നടത്താം.

## 9 ലക്ഷം വിദ്യാർഥികളെ പ്രതീക്ഷിച്ച് കാനഡ; പാർപ്പിട സൗകര്യം കൂട്ടും

- ആദ്യമായി വീട് വാങ്ങുന്നവരെ സഹായിക്കുന്നതിനായി നികുതി രഹിത അക്കൗണ്ട് പദ്ധതി
- 40,000 കനേഡിയൻ ഡോളർ വരെ ലാഭിക്കാൻ കഴിയുന്ന പദ്ധതി
- കാനഡയിൽ സ്വന്തം ഭവനം എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ ആഗ്രഹിക്കുന്നവർക്കു സാമ്പത്തികമായി ആശ്വാസം നൽകും



**കൊച്ചി:** ഏറ്റവും കൂടുതൽ വിദേശ വിദ്യാർഥികൾ പഠിക്കുന്ന രാജ്യങ്ങളിലൊന്നായ കാനഡ ഈ വർഷം സ്വാഗതം ചെയ്യുന്നത് ഏകദേശം 9 ലക്ഷം വിദേശ വിദ്യാർഥികളെ. ഒരു ദശാബ്ദം മുൻപു കാനഡയിൽ പഠിക്കാനെത്തിയ വിദേശ വിദ്യാർഥികളുടെ എണ്ണത്തിന്റെ ഏകദേശം മൂന്നിരട്ടിയാണിത്. കാനഡയിലെ വ്യവസായമേഖല അതിവേഗം വളരുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാലമായതുകൊണ്ടു തന്നെ വിദേശ വിദ്യാർഥികൾക്കു പഠനശേഷം മികച്ച തൊഴിൽ ലഭിക്കാനുള്ള സാധ്യത വർധിക്കുമെന്നാണു വിലയിരുത്തൽ. ഈ വർഷം 5 മേഖലകളിലാണ് ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയത്. ഐടി, എൻജിനീയറിങ്, ആരോഗ്യസേവനം, ഫിനാൻസ് അക്കൗണ്ടിങ്, നിർമാണമേഖല എന്നിവ നേടുന്നതു വലിയ കുതിപ്പാണ്. വിദേശത്തു നിന്നു കുടിയേറുന്നവർക്കും വിദേശവിദ്യാർഥികൾക്കും ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നത് ആരോഗ്യസേവനം, കൃഷി, ഐടിയും എൻജിനീയറിങ്ങും ഉൾപ്പെടുന്ന ടെക് മേഖല എന്നിവയിലാണ്.

വർധിച്ചുവരുന്ന ഭവന ചെലവുകളുമായി ബന്ധപ്പെട്ട സമ്മർദങ്ങളുണ്ടെങ്കിലും വിദേശ വിദ്യാർഥി വീസ പരിധി നടപ്പിലാക്കാൻ സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വീസ നിയന്ത്രണമല്ല പരിഹാരമെന്ന വിലയിരുത്തലിലാണു സർക്കാർ. പാർപ്പിട സൗകര്യം വർധിപ്പിക്കുന്നതിനായി വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. കൂടാതെ, ആദ്യമായി വീട് വാങ്ങുന്നവരെ സഹായിക്കുന്നതിനായി നികുതി രഹിത അക്കൗണ്ട് പദ്ധതി അടുത്തിടെ അവതരിപ്പിച്ചിട്ടുണ്ട്. 40,000 കനേഡിയൻ ഡോളർ വരെ ലാഭിക്കാൻ കഴിയുന്ന രീതിയിലാണു പദ്ധതി. പ്രത്യേക റസിഡൻസി വ്യവസ്ഥകൾ പാലിക്കുന്ന വർക്ക് പെർമിറ്റ് ഉടമകൾക്കും വിദേശ വിദ്യാർഥികൾക്കും ഈ ആനുകൂല്യം ലഭിക്കും. കാനഡയിൽ സ്വന്തം ഭവനം എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ ആഗ്രഹിക്കുന്നവർക്കു സാമ്പത്തികമായി ആശ്വാസം നൽകുന്ന നടപടിയാണിത്. വിദേശ വിദ്യാർഥികൾക്കും വർക്ക് പെർമിറ്റ് ഉടമകൾക്കും പുതിയ സാധ്യതകൾ തുറന്നു നൽകാൻ കൂടിയാണു സർക്കാരിന്റെ ശ്രമം.

## ബംഗാളിൽ എംഎൽമാർക്കും മന്ത്രിമാർക്കും 40,000 രൂപ ശമ്പളവർധന പ്രഖ്യാപിച്ച് മമത ബാനർജി

**കൊൽക്കത്ത:** ബംഗാളിൽ മന്ത്രിമാരുടേയും എംഎൽഎമാരുടേയും ശമ്പളം വർധിപ്പിച്ച് മമത സർക്കാർ. എംഎൽഎമാരുടേയും മന്ത്രിമാരുടേയും പ്രതിമാസശമ്പളത്തിൽ 40,000 രൂപയുടെ വർധനവാണ് മുഖ്യമന്ത്രി മമത ബാനർജി പ്രഖ്യാപിച്ചത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ബംഗാളിൽ നൽകിയിരുന്ന ശമ്പളം കുറവായിരുന്നതിനാലാണ് നടപടിയെന്ന് മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞു. അതേസമയം മുഖ്യമന്ത്രി ശമ്പളം കൈപ്പറ്റാത്തതിനാൽ നിലവിലുള്ള രീതി തുടരുമെന്നും മമത വ്യക്തമാക്കി.പുതിയ നീക്കത്തോടെ എംഎൽഎമാർക്ക് പ്രതിമാസം ആനുകൂല്യങ്ങൾ ഉൾപ്പെടെ പ്രതിമാസം 1.21 ലക്ഷം ശമ്പളമായി ലഭിക്കും.



# ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതികളുമായി വി.എച്ച്.പി ; ഷഷ്ട്യബ്ദ പൂർത്തി ആഘോഷത്തിന് തുടക്കം

**കൊച്ചി:** ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ബ്രഹത്തായ കർമ്മപദ്ധതികളുമായി വിശ്വഹിന്ദു പരിഷത്ത്. വി.എച്ച്.പിക്ക് ആരംഭം കുറിച്ച പരമ ഗുരു സ്വാമി ചിന്മയാനന്ദന്റെ മുംബൈ പൊവായിലെ സന്ദീപനി ആശ്രമത്തിൽ ജന്മാഷ്ടമി ദിനത്തിൽ വി.എച്ച്.പി യുടെ കേരളാ ഘടകം അടുത്ത ഒരു വർഷം നീണ്ടുനിൽക്കുന്ന ഷഷ്ട്യബ്ദ പൂർത്തി ആഘോഷത്തിന് തുടക്കം കുറിച്ചു.

വി.എച്ച്.പി സംസ്ഥാന അദ്ധ്യക്ഷൻ വിജിതമ്പി, ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ, കേന്ദ്രീയ നായർ സാംസ്കാരിക സംഘ് മഹാരാഷ്ട്ര അദ്ധ്യക്ഷൻ ഹരികുമാർ മേനോൻ, വി എച്ച് പി പൊവായ് പ്രഖണ്ഡ് അദ്ധ്യക്ഷൻ സജീഷ് പിള്ള, പൊവായ് എൻ എസ് എസ് ജനറൽ സെക്രട്ടറി സുനിൽ ജി നായർ എന്നിവരും മുംബൈയിലെ വി എച്ച് പി യുടെയും മറ്റു പരിവാർ സംഘടനകളുടെയും പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു.



**വിഎച്ച്പി ഷഷ്ട്യബ്ദ പൂർത്തി ആഘോഷത്തിനോടനുബന്ധിച്ച് നടപ്പാക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മ പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് മുംബൈ പൊവായിലെ സന്ദീപനി ആശ്രമത്തിൽ നടന്ന ചടങ്ങിൽ വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി നിലവിളക്ക് തെളിയിക്കുന്നു. വി. ആർ രാജശേഖരൻ,ഹരികുമാർ മേനോൻ,സജീഷ് പിള്ള, സുനിൽ ജി നായർ തുടങ്ങിയവർ സമീപം**

ആദ്ധ്യാത്മികതയിലൂടെ നവകേരള സൃഷ്ടി എന്ന വി.എച്ച്.പി യുടെ സന്ദേശം അടുത്ത ഒരു വർഷത്തിനുള്ളിൽ നടപ്പാക്കുകയാണ് ലക്ഷ്യമെന്ന് വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി,ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ വാർത്താകുറിപ്പിൽ അറിയിച്ചു. കേരളത്തിൽ ഒരു ലക്ഷം ഹിന്ദു ഭവനങ്ങളിലെങ്കിലും ഈ ഒരു വർഷത്തിനുള്ളിൽ സമ്പർക്കം നടത്തി എല്ലാ ഹിന്ദുക്കളെയും സ്വാഭിമാനികളാക്കുക എന്നതാണ് വി.എച്ച്.പിയുടെ ഉദ്ദേശ്യം. 2024ലെ ജന്മാഷ്ടമിയിൽ ഗുരുവായൂരിൽ നടക്കുന്ന ചടങ്ങിൽ ഷഷ്ട്യബ്ദപൂർത്തി ആഘോഷങ്ങൾക്ക് സമാപനം കുറിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി. സനാതന ധർമ്മം ഭാരതത്തിന്റെ മുഖമുദ്ര ആണെന്നും ആരു വിചാരിച്ചാലും അതിനെ തകർക്കാൻ പോയിട്ട് ഒന്ന് അനക്കാൻ പോലും സാധിക്കില്ലെന്നും വി.എച്ച്.പി നേതാക്കൾ പറഞ്ഞു.

ലോകത്തിലെ എല്ലാ സംസ്ക്കാരങ്ങളും നശിച്ചിട്ടും ഭാരത സംസ്ക്കാരം നിലനിൽക്കുന്നത് സനാതന ധർമ്മത്തിൽ അടിയുറച്ച് നിൽക്കുന്നതുകൊണ്ടാണ്.കേരളത്തിൽ ഇന്ന് ഹൈന്ദവർ നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും പരിഹാരവുമായി ഓരോ ഹൈന്ദവനുമൊപ്പം വി.എച്ച്.പി ഉണ്ടാകുമെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

## പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ മാറ്റാൻ അനുമതി

**തൃശ്ശൂർ:** സുവോളജിക്കൽ പാർക്കിലേക്ക് നിലവിൽ തൃശ്ശൂർ മൃഗശാലയിലുള്ള മൃഗങ്ങളെ മാറ്റുന്നതിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതി ലഭ്യമായതായി വനം, റവന്യു വകുപ്പുമന്ത്രിമാർ അറിയിച്ചു. തൃശൂർ സുവോളജിക്കൽ പാർക്ക് പദ്ധതിയുടെ പുരോഗതിയിലെ സുപ്രധാന നാഴികക്കല്ലാണ് ഈ അനുമതി.

രണ്ടിലേറെ പതിറ്റാണ്ടു നീണ്ട ഒരു സ്വപ്നമാണ് ഇതോടെ യാഥാർഥ്യമാകുന്നത്. കിഫ്ബി ധനസഹായത്തോടെ 360 കോടി രൂപ ചെലവിൽ 2019ൽ പണിയാരംഭിച്ച പുത്തൂരിലെ സുവോളജിക്കൽ പാർക്കിന്റെ പ്രധാന പണികളെല്ലാം പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിലാണ് വനം, റവന്യു, മൃഗശാല വകുപ്പുമന്ത്രിമാർ പങ്കെടുത്ത ഇക്കഴിഞ്ഞ ജൂൺ 14 ലെ ഉന്നതതല യോഗം കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതി തേടാൻ നിർദ്ദേശം നൽകിയത്.

മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ, പുത്തൂർ സുവോളജിക്കൽ പാർക്ക് ഡയറക്ടർ എന്നിവർ സമർപ്പിച്ച സംയുക്ത അപേക്ഷയിലാണ് ഇപ്പോൾ അനുമതി ലഭിച്ചിരിക്കുന്നത്. ആകെ 48 ഇനങ്ങളിലായി 117 പക്ഷികൾ 279 സസ്തനികൾ, 43 ഉരഗവർഗ ജീവികൾ എന്നിവയാണ് ഇപ്പോൾ തൃശ്ശൂർ മൃഗശാലയിൽ ഉള്ളത്. ഈ ജീവികളെ എല്ലാം അടുത്ത ആറു മാസത്തിനകം പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിപ്പാർപ്പിക്കുവാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. ഇത്രയധികം ജീവികളെ ഒരു മൃഗശാലയിൽ നിന്നും മറ്റൊന്നിലേക്കു മാറ്റുന്നത് അപൂർവവും ശ്രമകരവുമാണ്. ഇവയെ ഇനം തിരിച്ച്, ഘട്ടം ഘട്ടമായി മാറ്റുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

കേന്ദ്ര മൃഗശാല അതോറിറ്റിയുമായി തുടർച്ചയായി ആശയ വിനിമയം നടത്തിയതിനാലാണ് കാലതാമസം കൂടാതെ അനുമതി ലഭ്യമാക്കാൻ സാധിച്ചത്. സുവോളജിക്കൽ പാർക്കിന്റെ പണി പൂർത്തിയാക്കൽ അന്തിമഘട്ടത്തിലാണെന്നും വൈകാതെ തന്നെ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്നും മന്ത്രിമാർ അറിയിച്ചു.

## പുല്ലൂപ്പിക്കടവ് ടൂറിസം പദ്ധതി ഉദ്ഘാടനം ഒമ്പതിന്

**കണ്ണൂർ:** ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാറാത്ത് ഗ്രാമപഞ്ചായത്തിൽ വളപട്ടണം പുഴയുടെ തീരത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കിയ പുല്ലൂപ്പിക്കടവ് ടൂറിസം പദ്ധതി സെപ്റ്റംബർ ഒമ്പത് ശനിയാഴ്ച രാവിലെ 10ന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യുമെന്ന് കെ വി സുമേഷ് എംഎൽഎ, ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ എന്നിവ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

4.01 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ജലസാഹസിക ടൂറിസത്തിന്റെ ഭാഗമായി ഫ്ളോട്ടിംഗ് ഡൈനിങ് ആണ് പദ്ധതിയുടെ പ്രധാന ആകർഷണം. നാല് വില്പന നാളുകൾ നിർമ്മിച്ചിട്ടുണ്ട്. നടപ്പാതയും ഇരിപ്പിടങ്ങളും നടപ്പാതയുടെ ഭാഗമായി പുഴയുടെ മനോഹാരിത വീക്ഷിക്കുന്ന തരത്തിൽ രണ്ട് ഡെക്കും ഒരുക്കി. ബോട്ടിൽ കയറുന്നതിനും ഇറങ്ങുന്നതിനും ഡോക്ക് ഏരിയ പ്രത്യേകമായി നിർമ്മിച്ചിട്ടുണ്ട്. ബോട്ട് ജെട്ടി മാതൃകയിൽ ബോട്ടുകൾക്ക് പാർക്ക് ചെയ്യാൻ സാധിക്കുന്ന തരത്തിലാണ് ഡോക്ക് സംവിധാനം.

## വെറ്ററിനറി സയൻസിൽ ബിരുധദാരികൾക്ക് അവസരം

**പത്തനംതിട്ട:** കേരള സർക്കാർ മൃഗ സംരക്ഷണ വകുപ്പ് പത്തനംതിട്ട ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ വെറ്ററിനറി ക്ലിനിക്കിന് വെറ്ററിനറി സർജനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി വാക്ക് ഇൻ ഇന്റർവ്യു നടത്തുന്നു. കേരള വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വെറ്ററിനറി സയൻസിൽ ബിരുധദാരികൾക്ക് പങ്കെടുക്കാം. ഇവരുടെ അഭാവത്തിൽ വിരമിച്ച വെറ്ററിനറി ഡോക്ടർമാരെയും പരിഗണിക്കും. പത്തനംതിട്ട ജില്ലാ വെറ്ററിനറി കോംപ്ലക്സിലുള്ള ചീഫ് വെറ്ററിനറി ഓഫീസറുടെ ഓഫീസിൽ സെപ്റ്റംബർ 12 ന് രാവിലെ 11 മുതൽ 01.15 വരെ നടത്തുന്ന ഇന്റർവ്യുവിൽ ഹാജരാകുന്ന ഉദ്യോഗാർഥികളിൽ നിന്നും തിരഞ്ഞെടുക്കുന്നവരെ 90 ദിവസത്തേക്ക് കരാർ അടിസ്ഥാനത്തിൽ സർക്കാർ നിബന്ധനകൾക്ക് വിധേയമായി നിയമനം നൽകും. താൽപര്യമുള്ളവർ ബയോഡേറ്റ, ആധാർ കാർഡ്, യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പും സഹിതം സെപ്റ്റംബർ 12 ന് രാവിലെ 11 ന് മുൻപ് ചീഫ് വെറ്ററിനറി ഓഫീസറുടെ ഓഫീസിൽ ഇന്റർവ്യുവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് പ്രവത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ അഞ്ചുവരെ പത്തനംതിട്ട ജില്ലാ വെറ്ററിനറി കേന്ദ്രവുമായി ബന്ധപ്പടാം. ഫോൺ: 0468 2270908.

# മണ്ണുത്തിയിൽ കിസാൻ മേളയ്ക്ക് തുടക്കമായി

**തൃശ്ശൂർ:** കാർഷികരംഗത്ത് പുതു ചുവടുവെപ്പിനായി ഒരേ ഭൂമിയിൽ പലവിധത്തിലുള്ള വിളകൾ വിളവെടുക്കാൻ ആകുന്ന വിളയിട അധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കണമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. മണ്ണുത്തിയിൽ നടക്കുന്ന ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായുള്ള കിസാൻ മേളയുടെ ഉദ്ഘാടനം നിർവഹിച്ചുക്കുകയായിരുന്നു മന്ത്രി. വിളയിട അധിഷ്ഠിത കൃഷിയെയാണ് സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. കാർഷിക രംഗത്തെ വലിയ മാറ്റങ്ങൾക്ക് തുടക്കമിടാൻ വിളയിട അധിഷ്ഠിത കൃഷി രീതിക്കാവും. കാർഷിക സർവകലാശാലക്കുള്ളിൽ ആകർഷണീയമായ ഉദ്യാനം അടക്കം വിളകളുടെ പൊതു പ്രദർശനം നടത്താൻ കഴിയുന്ന ഇടം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. ദേശീയ തലത്തിൽ ശ്രദ്ധിയാകർഷിക്കും വിധം കാർഷിക രംഗത്തെ വിപുലമായ പ്രദർശനത്തിനാണു സർവകലാശാലയിൽ ലക്ഷ്യമിടുന്നത്. പുതുതലമുറയ്ക്ക് അറിവും കാഴ്ചയും ഒരുക്കുന്ന ജൈവപ്രദർശനത്തിന്റെ ഒരിടമാണ് സൃഷ്ടിക്കേണ്ടതെന്നും മന്ത്രി കൂട്ടിചേർത്തു.




കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലാണ് മണ്ണുത്തി ഒല്ലൂക്കര സർവീസ് സഹകരണ ബാങ്ക് ഹാളിൽ കിസാൻ മേള സംഘടിപ്പിച്ചത്. മേളയുടെ ഭാഗമായി സെമിനാറുകളും കാർഷിക പ്രദർശനവും, കാർഷിക ക്ലിനിക്കും സൗജന്യ മണ്ണ് പരിശോധന ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. 7,8 തീയതികളിലായി നടക്കുന്ന ദ്വിദിനമേള രാവിലെ 9.30 മുതൽ വൈകിട്ട് ആറുമണിവരെയാണ്.

തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം എൽ റോസി അധ്യക്ഷത വഹിച്ചു. എഡിഎ സത്യവർമ്മ, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നീന മാത്യു പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം പി എസ് വിനയൻ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി എസ് ബാബു, കൗൺസിലർ രേഷ്മ ഹേമേജ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഫ്രാങ്കോ, ഒല്ലൂക്കര കൃഷി ഓഫീസർ ടി ആർ അഭിമന്യു, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.



## വിഴിഞ്ഞത്തേക്കുള്ള ക്രെയിൻ; കപ്പൽ തെക്കൻ ചൈനയിലെത്തി

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്തേക്കുള്ള ക്രെയിനുകളുമായി ചൈനയിൽ നിന്നു പുറപ്പെട്ട ഷെൻഹുവാ 15 എന്ന കപ്പൽ ഇന്നലെ വൈകിട്ടോടെ തെക്കൻ ചൈനയിലെ ഷിനയിൽ എത്തി. കപ്പലിലുള്ള 3 വലിയ ക്രെയിനുകളിൽ രണ്ടെണ്ണം ഗുജറാത്ത് മുന്ദ്ര തുറമുഖത്ത് ഇറക്കിയ ശേഷം കപ്പൽ വിഴിഞ്ഞത്ത് എത്തുന്നത് ഈ മാസാവസാനത്തോടെ. തുറമുഖത്തിന്റെ ആദ്യ ഘട്ട പൂർത്തീകരണവുമായി ബന്ധപ്പെട്ട് എത്തുന്ന കപ്പലിനെ സ്വീകരിക്കാനുള്ള ചടങ്ങ് വലിയ ആഘോഷമാക്കാനുള്ള അണിയറ ഒരുക്കത്തിൽ അധികൃതർ.

മുഖ്യമന്ത്രി, കേന്ദ്ര ഷിപ്പിങ് മന്ത്രി എന്നിവരുൾപ്പെടെ പങ്കെടുക്കുന്ന വിപുലമായ ചടങ്ങാക്കി മാറ്റാനുള്ള ചർച്ചകൾ പുരോഗതിയിലാണ്. ഈ മാസം 30ന് അകം കപ്പൽ വിഴിഞ്ഞത്ത് എത്തുമെന്നാണ് അധികൃതരുടെ വിശദീകരണം. മന്ത്രിമാരുടെ സമയ ലഭ്യതയനുസരിച്ചാവും ഉദ്ഘാടന ചടങ്ങ് ക്രമീകരിക്കുക .

ആദ്യ കപ്പൽ അടുക്കുന്നതിന് 270 മീറ്റർ നീളത്തിനുള്ള ബെർത്താണ് സജ്ജമാക്കുന്നതെന്ന് അധികൃതർ പറഞ്ഞു. ഇതനുസരിച്ചുള്ള യാർഡും സജ്ജമാക്കുകയാണ്.

## റെയിൽ പാളത്തിൽ അറ്റകുറ്റപ്പണികൾ; ആലപ്പുഴ വഴിയുള്ള രാത്രി മെമു 9 മുതൽ കോട്ടയം വഴി

**കൊല്ലം:** വിവിധ മേഖലകളിൽ റെയിൽ പാളത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ രാത്രിയിൽ പുറപ്പെടുന്ന ആലപ്പുഴ വഴിയുള്ള കൊല്ലം, എറണാകുളം മെമു (06442) ഈ മാസം 9 മുതൽ കോട്ടയം വഴി തിരിച്ചുവിടുമെന്ന് ദക്ഷിണ റെയിൽവേ അറിയിച്ചു. പുനലൂർ, കൊല്ലം മെമുവിന്റെ (06661) സമയക്രമത്തിലും 9 മുതൽ മാറ്റമുണ്ട്. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ പുതിയ സമയക്രമമാകും പ്രാബല്യത്തിലെന്നും റെയിൽവേ അറിയിച്ചു. കൊല്ലം, എറണാകുളം മെമു രാത്രി 9.05ന് കൊല്ലത്തു നിന്നു പുറപ്പെടും.



## വാഗമൺ കണ്ണാടിപ്പാലം തുറന്നു

**വാഗമൺ:** കാൻഡിലിവർ മാതൃകയിലുള്ള ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ണാടിപ്പാലവും സാഹസിക വിനോദ പാർക്കും മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. വാഗമൺ അഡ്വഞ്ചർ പാർക്കിൽ നടന്ന ചടങ്ങിൽ വാഴൂർ സോമൻ എംഎൽഎ അധ്യക്ഷത വഹിച്ചു. എം.എം.മണി എംഎൽഎ മുഖ്യാതിഥിയായി, ഭാരത് മാതാ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ജോമി പൂണോളി പദ്ധതി റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി.ബിനു, ജില്ലാ കലക്ടർ ഷീബാ ജോർജ്, ആസൂത്രണ സമിതി ഉപാധ്യക്ഷൻ സി.വി.വർഗീസ്, ഏലപ്പാറ പഞ്ചായത്ത് പ്രസിഡന്റ് എസ്.നിത്യ, ഡിടിപിസി സെക്രട്ടറി ജിതീഷ് ജോസ് തുടങ്ങിയവർ പങ്കെടുത്തു.



# കേരളത്തിൽ പുരോഗതിയില്ലാത്ത 86 മേൽപാലം, അടിപ്പാത പദ്ധതികൾ ഒഴിവാക്കാൻ റെയിൽവേ

**പത്തനംതിട്ട:** 2019, 20 കാലയളവിൽ അനുമതി നൽകിയവയിൽ പുരോഗതിയില്ലാത്ത മേൽപാലം, അടിപ്പാത പദ്ധതികൾ റെയിൽവേ ഉപേക്ഷിക്കുന്നു. ദക്ഷിണ റെയിൽവേയുടെ കീഴിൽ കേരളത്തിലും തമിഴ്നാട്ടിലുമായി പുരോഗതിയില്ലാത്ത 155 പദ്ധതികളാണുള്ളത്. ഏറ്റവും കൂടുതൽ പദ്ധതികൾ (86 എണ്ണം) കേരളത്തിലായതിനാൽ പുതിയ തീരുമാനം സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും.

തിരുവനന്തപുരം ഡിവിഷനിൽ 49 പദ്ധതികളിലും പാലക്കാട് ഡിവിഷനിൽ 37 പദ്ധതികളിലും പുരോഗതിയില്ല. റെയിൽവേക്ക് അത്യാവശ്യമായ പദ്ധതികൾ ചൂണ്ടിക്കാട്ടിയാൽ അവ നിലനിർത്തുന്നതു പരിഗണിക്കുമെന്നും ദക്ഷിണ റെയിൽവേ ഡിവിഷനുകൾക്കും നിർമാണ വിഭാഗത്തിനും അയച്ച കത്തിൽ പറയുന്നു.

പാലക്കാടിനും പുതുനഗരത്തിനുമിടയിൽ അടിപ്പാത, ഷൊർണൂർ മംഗളൂരു റൂട്ടിൽ 2 പാലങ്ങൾ, കോഴിക്കോടിനും കണ്ണൂരിനുമിടയിൽ 5 പാലങ്ങൾ, കണ്ണൂർ മംഗളൂരുവിനും ഇടയിൽ 7, ഷൊർണൂർ നിലമ്പൂർ പാതയിൽ 4, ഷൊർണൂർ എറണാകുളം സെക്ഷനിൽ 5, കൊല്ലം തിരുവനന്തപുരം 4 തുടങ്ങിയ ഒട്ടേറെ മേൽപാലം പദ്ധതികളാണു പുരോഗതിയില്ലാത്തവയുടെ പട്ടികയിലുള്ളത്.

പദ്ധതിക്ക് അനുമതി നൽകി കരാർ നൽകുന്ന ഘട്ടത്തിലെത്താൻ തന്നെ കേരളത്തിൽ 3 വർഷം വേണ്ടി വരുന്നുണ്ട്. ഭൂമിയേറ്റെടുക്കുന്നതിലെ കാലതാമസമാണു പണി തുടങ്ങാത്തതിനു കാരണം. ഇപ്പോൾ ചൂണ്ടിക്കാട്ടിയിരിക്കുന്ന ചില പദ്ധതികളിലെങ്കിലും ഭൂമിയേറ്റെടുക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. ഇത്തരം പദ്ധതികൾ ഒഴിവാക്കരുതെന്ന് റെയിൽവേ ഡിവിഷനുകൾ ആവശ്യപ്പെടും.

റെയിൽവേ മേൽപാലങ്ങളുടെ നിർമാണ ചെലവിന്റെ പകുതി ചെലവു സംസ്ഥാനം വഹിക്കുന്നതിനാൽ റെയിൽവേക്ക് ഏകപക്ഷീയമായി പദ്ധതികളിൽ നിന്നു പിന്മാറാൻ കഴിയില്ല. കേരളത്തോട് ആലോചിക്കാതെയാണു പദ്ധതികൾ ഉപേക്ഷിക്കാനുള്ള നീക്കമെന്നും ആക്ഷേപമുണ്ട്.

ഇപ്പോൾ പാസഞ്ചർ ട്രെയിൻ സർവീസില്ലാത്ത കൊച്ചിൻ ഹാർബർ ടെർമിനസിലേക്കു ട്രെയിൻ സർവീസ് പുനരാരംഭിക്കാൻ അത്യാവശ്യം നിർമിക്കേണ്ട കൊച്ചിയിലെ വാത്തുരുത്തി മേൽപാല പദ്ധതിയും ഉപേക്ഷിക്കേണ്ട പദ്ധതികളുടെ കൂട്ടത്തിലുണ്ട്.

# അമൃത് ഭാരത് പദ്ധതിയിൽ ചങ്ങനാശേരി റെയിൽവേ സ്റ്റേഷൻ വികസനത്തിന് 8 കോടി

**ചങ്ങനാശേരി:** റെയിൽവേ മന്ത്രാലയം പ്രഖ്യാപിച്ച അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശേരി റെയിൽവേ സ്റ്റേഷനിൽ വികസന പ്രവർത്തനങ്ങൾക്ക് 8 കോടി രൂപ അനുവദിച്ചതായി കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. ആദ്യ ഘട്ടത്തിൽ 5 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 3 കോടി രൂപയും വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കും.

ചങ്ങനാശേരി റെയിൽവേ സ്റ്റേഷനും പരിസരവും പൂർണമായും ആധുനികവൽക്കരിക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കുകയെന്നും എംപി പറഞ്ഞു. ചങ്ങനാശേരിയിൽ പുതുതായി സ്റ്റോപ്പ് അനുവദിച്ച കൊങ്കൺ വഴി സർവീസ് നടത്തുന്ന കൊച്ചുവേളി ലോക്മാന്യതിലക് ഗരീബ്രഥ് എക്സ്പ്രസിന് (12201) സ്വീകരണം നൽകിയ ശേഷം സംസാരിക്കുകയായിരുന്നു എംപി.

റെയിൽവേ സ്റ്റേഷന് മുൻപിലെ പാർക്കിങ് ഏരിയ വിപുലീകരിക്കുന്നതിനും ബൈപാസിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിന്റെ വീതി കൂട്ടി സ്റ്റേഷൻ കവാടം ഉൾപ്പെടെ നിർമിക്കുന്നതിനും പാർക്കിങ് ഏരിയയിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ ഷെൽറ്ററുകൾ നിർമിക്കുന്നതിനും പദ്ധതി തയാറാക്കിയിട്ടുണ്ട്. പുതിയ സ്റ്റേഷൻ കെട്ടിടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും. പുതിയ കസേരകൾ, ഇലക്ട്രോണിക് ഡിസ്പ്ലേ, റസ്റ്ററന്റ്, കഫെറ്റീരിയ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തും.

ഒന്നാം പ്ലാറ്റ്ഫോം ഗ്രാനൈറ്റ് പാകി ബലപ്പെടുത്തും. നിർമാണം നടക്കുന്ന രണ്ടാമത്തെ ഫുട് ഓവർ ബ്രിജുമായി ബന്ധപ്പെടുത്തി ലിഫ്റ്റുകൾ സ്ഥാപിക്കും. പ്രധാന പ്ലാറ്റ്ഫോമിന്റെ അപ്രോച്ച് റോഡിൽ എൽഇഡി ലൈറ്റുകൾ സ്ഥാപിക്കും. ശുചിമുറികൾ, വിശ്രമസ്ഥലം എന്നിവയുടെ വിപുലീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുമെന്നും ഡിസംബർ അവസാനത്തോടെ ജോലികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും എംപി പറഞ്ഞു.

എറണാകുളം കോട്ടയം കായംകുളം സെക്ടറിൽ വൈകിട്ട് വേണാടിന് ശേഷം ട്രെയിൻ ഇല്ലാത്തതിന്റെ പ്രയാസങ്ങൾ യാത്രക്കാർ ശ്രദ്ധയിൽപെടുത്തിയതായും ഈ പ്രശ്നത്തിന് പരിഹാരം കാണുമെന്നും എംപി പറഞ്ഞു. വിശാഖപട്ടണം, ഗുവാഹത്തി, കൊൽക്കത്ത ഉൾപ്പെടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്ഥലങ്ങളിലേക്ക് പോകുന്ന ട്രെയിനുകൾക്ക് ചങ്ങനാശേരിയിൽ സ്റ്റോപ്പ് അനുവദിക്കാൻ സമ്മർദം ചെലുത്തും. കോവിഡിന് മുൻപ് ചങ്ങനാശേരിയിൽ സ്റ്റോപ്പ് ഉണ്ടായിരുന്ന മംഗളൂരു തിരുവനന്തപുരം (16348) ട്രെയിനിന്റെ സ്റ്റോപ്പ് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു

യുഡിഎഫ് നിയോജകമണ്ഡലം ചെയർമാൻ പി.എൻ.നൗഷാദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കൺവീനർ മാത്തുക്കുട്ടി പ്ലാത്താനം, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റുമാരായ കെ.എ.ജോസഫ്, ബാബു കോയിപ്പുറം, വി.ജെ.ലാലി, തോമസ് അക്കര, പി.എച്ച്.ഷാജഹാൻ, മോട്ടി മുല്ലശേരി, ബാബു കുരീത്ര, ഡോ.റൂബിൾ രാജ്, ജസ്റ്റിൻ ബ്രൂസ്, ശ്രീദേവി അജയൻ, കെ.എം.നെജിയ, ജോമി ജോസഫ്, ശ്യാം സാംസൺ, ബീന ജിജി, ലിസി വർഗീസ്, മോളമ്മ സെബാസ്റ്റ്യൻ, മിനി വിജയകുമാർ, ബിനു മൂലയിൽ, സൈബി അക്കര, ജോൺസൺ ജോസഫ്, റൗഫ് റഹീം, ആർ.ശശിധരൻ നായർ എന്നിവർ പങ്കെടുത്തു.



# മഴയിൽ മുങ്ങി പൊക്കാളിക്കൃഷി

**വൈപ്പിൻ:** കാലാവസ്ഥ മാറ്റത്തെ തുടർന്ന് വൻ തിരിച്ചടി നേരിട്ട് പൊക്കാളി കൃഷി. മഴയുടെ കുറവു മൂലം തുടക്കത്തിൽ ഞാറുകൾ വാടി കരിഞ്ഞുവെങ്കിൽ അവശേഷിച്ചവ പിന്നീടുണ്ടായ കനത്ത മഴയിൽ മുങ്ങുകയും ചെയ്തു. പല പാടങ്ങളിലും കൃഷിയിറക്കിയതിന്റെ പത്തിലൊന്നു പോലും ഇപ്പോൾ അവശേഷിക്കാത്ത സ്ഥിതിയാണ്. കഴിഞ്ഞവർഷം ടൺകണക്കിന് നെല്ല് വിളവെടുത്ത പാടങ്ങളിൽ നിന്ന് ഇക്കുറി അൽപം പോലും നെല്ല് ലഭിക്കില്ലെന്നും വ്യക്തമായിട്ടുണ്ട്. തൊഴിലാളി ക്ഷാമം അടക്കമുള്ള പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുക്കാതെ രണ്ടും കൽപിച്ച് കൃഷിക്ക് ഇറങ്ങിയവർ ഇതോടെ നിരാശരാണ്. സബ്സിഡി അടക്കമുള്ള നടപടികളിലൂടെ കർഷകർക്ക് കൈത്താങ്ങായ സർക്കാർ ഏജൻസികൾക്കും ഒന്നും ചെയ്യാനില്ലാത്ത സ്ഥിതിയാണ്.

സാമ്പത്തിക നഷ്ടത്തെ തുടർന്ന് ഏറെക്കുറെ ഇല്ലാതായ പൊക്കാളി കൃഷിയെ പുനരുദ്ധരിക്കാൻ ഏതാനും വർഷങ്ങളായി സർക്കാർ ഊർജിത ശ്രമമാണ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് വളരെ കുറച്ചു പാടങ്ങളിൽ എങ്കിലും കൃഷി നടന്നുവരുന്നത്. എന്നാൽ മഴയുടെ ലഭ്യതയിൽ മാറ്റമുണ്ടായതോടെ കാര്യങ്ങൾ വീണ്ടും തകിടം മറിഞ്ഞു. സാധാരണഗതിയിൽ മഴ ആരംഭിക്കുന്ന ജൂൺ ആദ്യവാരത്തിൽ വിത്ത് വിതയ്ക്കുന്നതാണ് രീതി.

എന്നാൽ മഴ വൈകി തുടങ്ങിയതോടെ പലതും അതിനനുസരിച്ച് വിത്തുവിത ജൂലൈയിലേക്കു നീട്ടി. എന്നാൽ ഇക്കുറി ഓഗസ്റ്റിൽ പോലും വേണ്ടത്ര മഴ ലഭിക്കാതെ വന്നതോടെ നെൽച്ചെടികൾ ഉണങ്ങി. വരൾച്ചയെ അതിജീവിച്ച് വളർന്നു പൊന്തിയവ കനത്ത മഴയിൽ വെള്ളത്തിൽ മുങ്ങുകയും ഒലിച്ചു പോവുകയും ചെയ്തു. നെടുങ്ങാട് പുളിയാമ്പിള്ളി മേഖലയിലും മറ്റും ഏക്കർ കണക്കിന് സ്ഥലത്ത് നടത്തി കൃഷി പൂർണമായും ഇല്ലാതായി. ഈ ഭാഗത്ത് ഇപ്പോൾ ഉയർന്നുനിൽക്കുന്നത് കുതിരവാൽ എന്നറിയപ്പെടുന്ന കളച്ചെടികൾ മാത്രമാണ്.

കഴിഞ്ഞവർഷം 15 ടണ്ണോളം നെല്ല് ലഭിച്ച സ്ഥാനത്താണ് ഈ അവസ്ഥ എന്ന് കർഷകനായ നായരമ്പലം സ്വദേശി ശ്യാംസുന്ദർ ചൂണ്ടിക്കാട്ടി. മീൻ വളർത്തലും നെൽകൃഷിയോടൊപ്പം നടത്തേണ്ട സംയോജിത രീതിയുടെ പ്രാധാന്യം വർധിച്ചിരിക്കുകയാണ് അദ്ദേഹം പറയുന്നു. നെല്ലിനൊപ്പം മീനും കൃഷി ചെയ്ത് വരുമാനം ഉണ്ടാക്കുന്ന രീതി അവലംബിച്ചില്ലെങ്കിൽ പൊക്കാളി കൃഷി പൂർണമായും ഇല്ലാതാവുകയും അതിനുശേഷം പരമ്പരാഗത രീതിയിൽ നടക്കേണ്ട ചെമ്മീൻ കെട്ടുകളിൽ നിന്നുള്ള വരുമാനം കുറയുകയും ചെയ്യുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇത്തരമുള്ള കൃഷി രീതിക്കായി ഈ രംഗത്തുള്ളവർ നേരത്തെ മുതൽ ആവശ്യം ഉന്നയിക്കുന്നതാണെങ്കിലും സർക്കാരിന്റെ ഭാഗത്തു നിന്ന് ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. പൊക്കാളി പാടങ്ങളിൽ യാതൊരു തടസ്സവും ഇല്ലാതെ പുറത്തുനിന്നുള്ളവർക്ക് കടന്നെത്തി മീൻ പിടിക്കാവുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ധൈര്യപൂർവം മുതലിറക്കാൻ സംരംഭകർക്ക് സാധിക്കാത്ത സാഹചര്യവും ഉണ്ട്.

മുൻവർഷങ്ങളിൽ പൊക്കാളി വിളയിച്ച ചിലർക്കെങ്കിലും അത് ഫലപ്രദമായ രീതിയിൽ വിപണനം നടത്താൻ കഴിയാത്ത സാഹചര്യവും ഉണ്ട്. ചില കർഷകർ പൊക്കാളി അരിയും അതിൽ നിന്നുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങളും വിറ്റഴിച്ചെങ്കിൽ അതിന് കഴിയാത്ത പാടശേഖരസമിതികളും ഉണ്ട്.

ഞാറയ്ക്കലിലും മറ്റും ചില സഹകരണ സ്ഥാപനങ്ങൾ മുൻകൈ എടുത്താണ് കെട്ടിക്കിടന്ന അരി ഏറ്റെടുത്ത് വിപണിയിൽ എത്തിച്ചത്. എന്നാൽ എല്ലാ സ്ഥലങ്ങളിലും ഇത് പ്രവർത്തികമാക്കാൻ കഴിയുന്നില്ല. ഏറെ പണം ചെലവിട്ട് വിളിയിച്ചെടുക്കുന്ന പൊക്കാളി ഏറ്റെടുക്കും എന്നുള്ള ഉറപ്പ് സർക്കാരിൽ നിന്ന് കർഷകർക്ക് ലഭിക്കുന്നുമില്ല.

നാട്ടുകാർക്കിടയിൽ മറുനാടൻ അരി ശീലമായതും കുറഞ്ഞ വിലയ്ക്ക് റേഷൻ അരി ലഭിക്കുന്നതും പൊക്കാളി അരിക്ക് വിപണിയിൽ ഡിമാൻഡ് കുറയ്ക്കുന്നു. അതേസമയം പൊക്കാളി ഉപയോഗിച്ചുള്ള അവൽ, അവലോസ് പൊടി, അരിയുണ്ട തുടങ്ങിയ മൂല്യ വർധിത ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ പ്രിയമുണ്ട് താനും.

ഇത്തരം സാധ്യതകൾ മുതലെടുക്കാനും സർക്കാരിന്റെ കൈത്താങ്ങ് ആവശ്യമാണെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

# അണക്കെട്ടുകളിൽ പഠനത്തിന് ആസൂത്രണ ബോർഡ്

**പാലക്കാട് :** ജലസേചന അണക്കെട്ടുകൾ ലക്ഷ്യം എത്രത്തോ!ളം നേടി, രൂക്ഷമായ കാലാവസ്ഥാ വ്യതിയാന കാലത്തു കർഷകർക്ക് എത്രമാത്രം ഉപകാരപ്പെടുന്നു തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന ആസൂത്രണ ബോ!ർഡ് പഠനം നടത്തുന്നു. കോഴിക്കോട് ആസ്ഥാനമായുള്ള സിഡബ്ല്യുആർഡിഎമ്മിന്റെ നേതൃത്വത്തിൽ കർഷക പങ്കാളിത്തത്തോ!ടെ ഒരു വർഷം നീളുന്ന പഠനം പാലക്കാട്, തൃശൂർ ജില്ലകളിലാണ് ആരംഭിക്കുക.

പഠനത്തിനു ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, ജല അതോ!റിറ്റി തുടങ്ങിയവയുടെ സഹായവും തേടും. ബ്ലോ!ക്ക് തലത്തിൽ ബന്ധപ്പെട്ട മുഴുവൻ വകുപ്പുകളുടെ പ്രതിനിധികളുമായി വിശദമായ ചർച്ചയും അവർക്കുള്ള പരിശീലനവും അടുത്ത ദിവസം നടത്തും. ഓരോ!ാ അണക്കെട്ടിന്റെയും ലക്ഷ്യമേഖല, ഗുണഭോ!ക്താക്കൾ, കൃഷികൾ, ശുദ്ധജലവിതരണം എന്നിവയും ജലവിഭവ വികസന വിനിമയ കേന്ദ്രം സീനിയർ സയന്റിസ്റ്റ് ഡോ.ജി.കെ.അമ്പിളിയുടെ നേതൃത്വത്തിലുള്ള പഠന സംഘം വിശദമായി പരിശോ!ധിക്കും. കനാലുകളുടെ വാലറ്റ പ്രദേശത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ഉൾപ്പെടെ ചോ!ദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കും. ആവശ്യമായ സമയത്ത് ആവശ്യമായ അളവിൽ ജലം നൽകൽ, വിതരണത്തിലെ തുല്യത, കനാലുകളുടെ അറ്റകുറ്റപ്പണി, അവ മുഖേനയുള്ള റീചാർജിങ്, വെള്ളം പാഴാക്കൽ എന്നിവ സംബന്ധിച്ച് അണക്കെട്ടുകളുടെ ലക്ഷ്യമേഖലയിലെ ഗുണഭോ!ക്താക്കൾക്കിടയിൽ വിശദമായ സർവേയും ഉദ്ദേശിക്കുന്നു.

ഡാമുകളുടെ പ്രവർത്തനത്തിൽ അടിയന്തരമായി വരുത്തേണ്ട മാറ്റങ്ങൾ പഠനത്തിനു ശേഷം നിർദേശിക്കും. മിക്ക അണക്കെട്ടുകളുടെയും സംഭരണശേഷി കുറഞ്ഞിട്ടുണ്ട്. ജലസേചനം നടത്തിയിരുന്ന കൃഷിസ്ഥലങ്ങളും ചുരുങ്ങി. നടത്തിപ്പു ചെലവു വർധിക്കുമ്പോഴും കർഷകർക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ലെന്നാണു വിലയിരുത്തൽ.

## എ കെ ജി മ്യൂസിയം: നിർമ്മാണ പുരോഗതി വിലയിരുത്തി

**കണ്ണൂർ:** സംസ്ഥാന മ്യൂസിയം വകുപ്പ് പെരളശ്ശേരിയിൽ നിർമ്മിക്കുന്ന എ കെ ജി മ്യൂസിയം അടുത്തവർഷം ആഗസ്റ്റിൽ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുമെന്ന് പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ പറഞ്ഞു. മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

അടുത്ത വർഷം ഫെബ്രുവരിയിൽ കെട്ടിട നിർമ്മാണം പൂർത്തിയാകും. തുടർന്ന് ആറ് മാസം കൊണ്ട് മറ്റ് പ്രവൃത്തികൾ നടത്തി ഉദ്ഘാടനം ചെയ്യും. പ്രവൃത്തി തൃപ്തികരമായ രീതിയിലാണ് മുന്നോട്ടു പോകുന്നത്. മ്യൂസിയം പുതുതലമുറക്ക് പാഠപുസ്തകമാകുമെന്നും മന്ത്രി പറഞ്ഞു.

പെരളശ്ശേരി തൂക്കുപാലത്തിന് സമീപം 3.21 ഏക്കർ സ്ഥലത്താണ് നിർമ്മാണം നടക്കുന്നത്. 10700 ചതുരശ്ര അടിയുള്ള ഇരുനില കെട്ടിടവും ഏഴ് ഗാലറിയുള്ള പ്രദർശന സംവിധാനവും നിർമ്മിക്കാൻ ഒമ്പത് കോടി രൂപയാണ് ചെലവ്. എ കെ ജിയുടെ ബാല്യം മുതലുള്ള ഓരോ ഘട്ടങ്ങളും ചരിത്രത്തോട് നീതിപുലർത്തുന്ന നിലയിൽ രേഖപ്പെടുത്തും. അധ്യാപകനായിരിക്കെ ദേശീയ പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തെത്തി കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായി മാറിയ ജീവിതത്തിലെ സുപ്രധാന മുഹൂർത്തങ്ങൾ ഇവിടെ അടയാളപ്പെടുത്തും. ഐതിഹാസിക പോരാട്ടങ്ങൾ ഡിജിറ്റൈലൈസ് ചെയ്യുന്നതിനൊപ്പം 130 പേർക്ക് ഇരിക്കാവുന്ന മിനി തിയറ്ററും ഒരുക്കും. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ പി ബാലഗോപാൽ, പെരളശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ വി ഷീബ, വൈസ് പ്രസിഡണ്ട് വി പ്രശാന്ത്, സ്ഥിരം സമിതി അധ്യക്ഷൻ കെ കെ സുഗതൻ, വാർഡ് അംഗം കെ പ്രജിത്ത്, മ്യൂസിയം വകുപ്പ് ഡയറക്ടർ അബു ശിവദാസ്, ചാർജ് ഓഫീസർമാരായ പി എസ് പ്രിയരാജൻ, ഗിരീഷ് ബാബു തുടങ്ങിയവർ മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

## പറമ്പിക്കുളം കടുവ സങ്കേതത്തിലേക്ക് സഞ്ചാരികളുടെ പ്രവാഹം

**മുതലമട:** ഓണക്കാലത്തു 'കാൽക്കോടി' വരവു നേടി പറമ്പിക്കുളം കടുവ സങ്കേതത്തിലെ വിനോദ സഞ്ചാര മേഖല. ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 3 വരെയുള്ള ഏഴു ദിവസങ്ങളിൽ വിനോദ സഞ്ചാരികളുടെ വരവിലൂടെ പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനു ലഭിച്ചത് 25.22 ലക്ഷം രൂപയാണ്. പറമ്പിക്കുളത്തെത്തി താമസിച്ച സഞ്ചാരികളിൽ നിന്നു 12.57 ലക്ഷം രൂപ ലഭിച്ചു. ട്രീ ഹട്ടുകൾ, ടെന്റുകൾ, ഐബികൾ ഉൾപ്പെടെ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിൽ മുൻകൂട്ടി ബുക്ക് ചെയ്ത് എത്തിയ സഞ്ചാരികളുടെ താമസത്തിനുള്ള തുകയിനത്തിലാണിത്.

ജംഗിൾ സഫാരിയിൽ പങ്കെടുത്തു മടങ്ങിയ സഞ്ചാരികളിൽ നിന്ന് 7 ദിവസം കൊണ്ടു ലഭിച്ചതു 11.98 ലക്ഷം രൂപയാണ്. ഏഷ്യയിലെ ഏറ്റവും വലിയ തേക്ക്, ഡാം വ്യൂ പോയിന്റ്, വാലി വ്യൂ പോയിന്റ്, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം അണക്കെട്ടുകൾ എന്നിവ ജംഗിൾ സഫാരിയുടെ ഭാഗമായി കാണാൻ കഴിയും. ആനപ്പാടിയിൽ നിന്നു സഞ്ചാരികളെ കാടു ചുറ്റിക്കാണിക്കാൻ 10 സഫാരി വാനുകളുണ്ട്. ഈ വാഹനങ്ങളിൽ ആദിവാസി ഗൈഡുകൾ പറമ്പിക്കുളം കാടിനെ യാത്രികർക്കു പരിചയപ്പെടുത്തുന്നതും വേറിട്ട അനുഭവമാണ്.

## ഉഭയ ഉരഗജീവി കണക്കെടുപ്പ് ആദ്യഘട്ടം പൂർത്തിയായി

**കൽപറ്റ :** സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിൽ ആദ്യമായി നടത്തിയ ഉഭയ ഉരഗജീവികളുടെ ആദ്യഘട്ട കണക്കെടുപ്പ് പൂർത്തിയായി. മുൻപ് സംരക്ഷിത പ്രദേശത്തെ ചില സ്ഥലങ്ങളിൽ ഗവേഷക സംഘം പഠനം നടത്തിയിട്ടുണ്ടെങ്കിലും ആദ്യമായാണു നൂറിലധികം പേരടങ്ങുന്ന ഗവേഷകരും വിദ്യാർഥികളും പ്രകൃതി നിരീക്ഷകരും വനപാലകരും ഉൾപ്പെടുന്ന സംഘം ഈ പ്രദേശത്ത് ഉഭയ ഉരഗജീവികളെ ഒരുമിച്ച് സർവേ നടത്തിയതെന്ന് വനംവകുപ്പ് അധികൃതർ പറഞ്ഞു.

വനം വകുപ്പിന്റെയും സൗത്ത് വയനാട് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടെയും ആരണ്യകം നേച്ചർ ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ 1 മുതൽ 5 വരെ നടന്ന കണക്കെടുപ്പിൽ കേരള വനഗവേഷണ സ്ഥാപനം, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, മലബാർ നേച്ചർ ഹിസ്റ്ററി സൊസൈറ്റി, സർപ്പ തുടങ്ങിയ സ്ഥാപനങ്ങളിലും സന്നദ്ധസംഘടനകളിലും നിന്നുമായി 70 വൊളന്റിയർമാരും വനപാലകരും സർവേയിൽ പങ്കെടുത്തു. ബത്തേരി ഗജ ഐബിയിൽ സൗത്ത് വയനാട് ഡിഎഫ്ഒ സർവേ ഉദ്ഘാടനം ചെയ്തു. ധൃതിമാൻ മുഖർജി, ഡോ. സന്ദീപ് ദാസ്, ഡോ. രാജകുമാർ, നിതിൻ ദിവാകർ എന്നിവർ ശിൽപശാല നയിച്ചു.

# എ ഐ സ്വയംപഠന പ്ലാറ്റ്ഫോമുമായി കെഎസ് യുഎം സ്റ്റാർട്ടപ്പ്

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അടിസ്ഥാനമാക്കിയുള്ള സ്വയംപഠന പ്ലാറ്റ്ഫോമുമായി മലയാളി സംരംഭകർ. കേരള സ്റ്റാർട്ടപ്പ് മിഷനിൽ (കെഎസ് യുഎം) രജിസ്റ്റർ ചെയ്തിട്ടുള്ള ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ) സ്റ്റാർട്ടപ്പായ 'ഹലോ എഐ' യാണ് എല്ലാ പ്രായക്കാർക്കും സമഗ്രവും വ്യക്തിഗതവുമായ പഠനാനുഭവം നല്കുന്ന സ്വയംപഠന പ്ലാറ്റ്ഫോം ആരംഭിച്ചത്.കൊച്ചി ആസ്ഥാനമായുള്ള 'ഹലോ എഐഹാൾലാബ്സ്.എഐ' സ്റ്റാർട്ടപ്പിൻറെ പുതിയ പ്ലാറ്റ്ഫോമിലൂടെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം എഐ ഡാറ്റാ സാക്ഷരതാ വൈദഗ്ധ്യം ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു. പ്രസാദ് പ്രഭാകരൻ, പ്രീത പ്രഭാകരൻ, എഡ്വിൻ ജോസ് എന്നിവരാണ് ഇതിനു പിന്നിൽ.അഡാപ്റ്റീവ് ലേണിംഗ്, എഐ ട്യൂട്ടർ ഉപയോഗിച്ചുള്ള വ്യക്തിഗത അധ്യാപനം തുടങ്ങിയവയിലൂടെ സ്വയം പഠനം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം എഐ യെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുന്നതിനും മികച്ച രീതിയിൽ ഉപയോഗിക്കുന്നതിനും ഈ പ്ലാറ്റ്ഫോം സഹായകമാകും.എഐ സാങ്കേതിക വിദ്യ ലോകത്തിൻറെ തീരുമാനങ്ങളെ സ്വാധീനിക്കുമെന്നും ഭാവിയിൽ ഉത്തരവാദിത്തമുള്ള എഐ പൗരന്മാരാകാൻ നമ്മുടെ കുട്ടികളെ തയ്യാറാക്കേണ്ടതുണ്ടെന്നും 'ഹലോ എഐ' ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രസാദ് പ്രഭാകരൻ പറഞ്ഞു.കെഎസ് യുഎമ്മിൽ നിന്നുള്ള പ്രൊഡക്ടൈസേഷൻ ഗ്രാൻറ്, സ്റ്റാർട്ടപ്പ് ഇന്ത്യയിൽ നിന്നുള്ള സീഡ് ഗ്രാൻറ്, എസ്ടിഇഎം, കിഡ് സേഫ് സർട്ടിഫിക്കേഷൻ എന്നിവ 'ഹലോ എഐ' യ്ക്ക് ലഭിച്ചിട്ടുണ്ട്. സെപ്തംബർ അവസാന വാരം യുഎസിൽ നടക്കുന്ന ലേണിംഗ് ടൂൾസ് എഞ്ചിനീയറിംഗ് ആഗോളമത്സരത്തിൻറെ ഫൈനൽ റൗണ്ടിലും 'ഹലോ എഐ'സ്ഥാനം പിടിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള 800ലധികം സ്റ്റാർട്ടപ്പുകളാണ് ഈ മത്സരത്തിൽ പങ്കെടുത്തത്.2025ഓടെ ഒരു ദശലക്ഷം വിദ്യാർത്ഥികളിൽ എഐ ഡാറ്റാ സാക്ഷരതാ വൈദഗ്ദ്ധ്യം ഉണ്ടാക്കിയെടുക്കാൻ ലക്ഷ്യമിടുന്നതായി 'ഹലോ എഐ' ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ പ്രീത പ്രഭാകരൻ പറഞ്ഞു.എഐ യുമായി ബന്ധപ്പെട്ട സ്വയംപഠനം കൂടുതൽ വ്യക്തിപരവും ആസ്വാദ്യകരവുമായിരിക്കണം എന്ന ചിന്തയോടെയാണ് ഈ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നതെന്ന് 'ഹലോ എഐ' ചീഫ് ടെക്നോളജി ഓഫീസർ എഡ്വിൻ ജോസ് പറഞ്ഞു.

# ആയക്കാട് സിഎ ഹയർ സെക്കി സ്കൂൾ: നവീകരിച്ച ബ്ലോക്ക് ഉദ്ഘാടനം ചെയ്തു



**പാലക്കാട് :** ആയക്കാട് സി എ ഹയർ സെക്കി സ്കൂളിലെ നവീകരിച്ച ഹയർ സെക്കി ബ്ലോക്ക് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ മെറീന പോൾ അധ്യക്ഷത വഹിച്ചു. സ്കൂളിനെ ഊർജ്ജ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്ന 5 കെവി ശേഷിയുള്ള സോളാർ പ്ലാന്റ് വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലിസി സുരേഷും, കുടിവെള്ള ശുദ്ധീകരണ സംവിധാനം വികസന സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ കെ. പി. ശ്രീകലയും, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രശ്മി ഷാജിയും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇസാഫ് ഫൗഷേൻ ഡയറക്ടർ ഡോ. ജേക്കബ് സാമുവേൽ, പ്രചോദൻ ഡെവലപ്പ്മെൻറ് സർവിസസ് ഡയറക്ടർ എമി അച്ചാ പോൾ, ഇസാഫ് കോഓപ്പറേറ്റീവ് സൊസൈറ്റി ചെയർപേഴ്സൺ സെലീന ജോർജ്, പിടിഎ പ്രസിഡന്റ് കെ. എ. താജുദ്ദീൻ, പ്രിൻസിപ്പൽ ഇൻ ചാർജ് അനൂപ് കെ. എന്നിവർ സംസാരിച്ചു.

# റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ഓഫ് എഡിൻബറോ വൈദ്യശാസ്ത്ര സമ്മേളനം

**കോഴിക്കോട്:** റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് എഡിൻബറോ സംഘടിപിക്കുന്ന ഏകദിന വൈദ്യശാസ്ത്ര സമ്മേളനം സെപ്റ്റംബർ 10ന് താജ് ഗേറ്റ് വേ ഹോട്ടലിൽ നടക്കും.റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് പ്രസിഡന്റും, എം .ആർ .സി .പി മുൻ മെഡിക്കൽ ഡയറക്ടറുമായ പ്രൊഫ.ആൻഡ്രൂ എൽഡർ സമ്മേളനം ഉദ്ഘാടനം ചെയ്യും.ചരിത്ര പ്രസിദ്ധമായ കോളേജ് ഫെല്ലോസ് റോളിന്റെ താളുമായാണ് പ്രസിഡന്റ് എത്തുന്നത്. നേരിട്ട് ഒപ്പുവെക്കാൻ സാധിക്കാത്തവർക്ക് രേഖയിൽ ഒപ്പിടുന്ന പ്രധാന ചടങ്ങും സമ്മേളനം ഒരുക്കിയിട്ടുണ്ടെന്ന് ഓർഗനൈസിങ് ചെയർമാനും കോഴിക്കോട് സെന്റർ ഫോർ റുമറ്റോളജി ഡയറക്ടറുമായ പ്രൊഫ.വിനോദ് രവീന്ദ്രൻ പറഞ്ഞു. പ്രായമായവർക്കുള്ള അക്യൂട്ട് മെഡിസിൻ രംഗത്തെ പ്രശസ്ത ഫിസിഷ്യനാണ് പ്രൊഫ ആൻഡ്രൂ എൽഡർ . ആധുനിക ഡിജിറ്റൽ ലോകത്ത് രോഗശുശ്രൂഷയ്ക്കായി ഡോക്ടറിൽ നിന്ന് പ്രതീക്ഷിക്കുന്ന ഉപകരണങ്ങളും സമീപനവും വിശദീകരിക്കുന്ന 'ഡോക്ടറുടെ ബാഗ്' എന്ന വിഷയത്തിൽ പ്രൊഫസർ ആൻഡ്രൂ എൽഡർ മുഖ്യ പ്രഭാഷണം നടത്തും. ഏറ്റവും ഉയർന്ന രോഗി പരിചരണം ഉറപ്പു വരുത്തുന്നതിന് ഫിസിഷ്യൻമാർക്ക് പ്രത്യേക പരിശീലന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന സംഘടനയാണ് 1681ൽ റോയൽ ചാർട്ടർ പ്രകാരം സ്ഥാപിതമായ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ഓഫ് എഡിൻബറോ.ഹൃദ്രോഗങ്ങൾ, പ്രായമായവരിലെ പ്രമേഹം, അസാധാരണമായ അണുബാധകൾ എന്നിവ കൈകാര്യം ചെയ്യുന്ന പുത്തൻ രീതികൾ സംബന്ധിച്ച് പ്രത്യേക ശാസ്ത്ര സെഷനുകളും സമ്മേളനത്തിൽ നടക്കും.

# പ്രത്യേക ധനസഹായം സ്പെഷ്യൽ സ്കൂൾ പാക്കേജ് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പൊതു വിദ്യാഭ്യാസം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കുള്ള 202324 വർഷത്തെ പ്രത്യേക ധനസഹായം (സ്പെഷ്യൽ സ്കൂൾ പാക്കേജ്)ലഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ വേു:// ാാാ.ലൈിീൃമേഹ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സെപ്റ്റംബർ 10 വരെ സമർപ്പിക്കാം.

# വനിതകൾക്ക് മോണ്ടിസ്സോറി, പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ് അപേക്ഷിക്കാം

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ സെപ്റ്റംബർ മാസം ആരംഭിക്കുന്ന രു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി യോഗ്യതയുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ: 7994449314

# മോട്ടോറോളയുടെ പുതിയ ഫോൺ ഈ മാസം 13ന് വിപണിയിലെത്തും

**തിരുവനന്തപുരം:** ഏറ്റവും കുറഞ്ഞ വിലയിൽ 12 ജി.ബി റാമും 256 ജി.ബി സ്റ്റോറേജുമുള്ള മോട്ടോറോളയുടെ മോട്ടോ ജി 54 സ്മാർട്ട്ഫോൺ ഈ മാസം 13ന് വിപണിയിലെത്തും. നിരവധി ഫ് ളാഗ്ഷിപ്പ് ഫീച്ചറുകൾ അണി നിരത്തിയിട്ടുള്ള ഫോൺ ഫ്ലിപ്കാർട്ട്, മോട്ടോറോള ഒഫീഷ്യൽ വെബ്സൈറ്റ് എന്നിവയിലൂടെ 17,499 രൂപക്ക് ലഭിക്കും. പ്രമുഖ റീട്ടെയ്ൽ ഔട്ട്ലറ്റുകളിലും ലഭ്യമാണെന്ന് കമ്പനി അധികൃതർ പറഞ്ഞു. മീഡിയ ടെക്കിന്റെ ഡിമെൻസിറ്റി 7020 ഒക്ടോ കോർ എന്ന ശക്തമായ പ്രൊസസർ ഉപയോഗിക്കുന്ന ഇന്ത്യയിലെ ആദ്യ സ്മാർട്ട് ഫോണാണ് 14 ഫൈവ് ജി ബാന്റുകളുടെ പിന്തുണയുള്ള മോട്ടോ ജി 54. 50 എം.പിയുടെ പ്രധാന ക്യാമറയും എട്ട് എം.പിയുടെ അൾട്രാ വൈഡ് ആംഗിൾ സെക്കന്ററി ക്യാമറയുമുള്ള ഫോണിൽ 16 എം.പിയുടെ സെൽഫി ക്യാമറയാണുള്ളത്. 120 ഹെഡ്സ് റിഫ്രഷ് റേറ്റ് ഉള്ള 6.5 ഫുൾ എച്ച്.ഡി പ്ലസ് ഡിസ്പ്ലേയും ഡോൾബി അറ്റ്മോസും മികച്ച അനുഭവം നൽകുന്നതാണ്.6000 എം.എ.എച്ച് ബാറ്ററിയുള്ള ഫോണിൽ 33 വാട്ടിന്റെ സൂപ്പർ ഫാസ്റ്റ് ചാർജിംഗ് സൗകര്യമുണ്ട്. 12 ജി.ബി റാം 256 ജി.ബി സ്റ്റോറേജ് വേരിയന്റിന് പുറമേ എട്ട് ജി.ബി റാം 128 ജി.ബി സ്റ്റോറേജ് വേരിയന്റും കമ്പനി പുറത്തിറക്കിയിട്ടുണ്ട്. 15,999 രൂപ വിലയുള്ള ഫോൺ ഓഫറുകൾ കൂടി ചേർത്ത് 14,999 രൂപക്കാണ് വിൽപ്പനക്കെത്തിച്ചിട്ടുള്ളത്. എസ്.ഡി കാർഡ് ഉപയോഗിച്ച് ഒരു ടി.ബി വരെ സ്റ്റോറേജ് ഉയർത്താൻ കഴിയും എന്നതും രണ്ട് മോഡലുകളുടെയും സവിശേഷതയാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ അവതരിപ്പിച്ചു

**തൃശൂർ:** ഉപയോക്താക്കൾക്ക് വർഷം തോറും വർധിക്കുന്ന വരുമാനം അല്ലെങ്കിൽ കൃത്യമായ നിശ്ചിത വരുമാനം ലഭ്യമാക്കുന്ന പുതിയ വരുമാന പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ലൈഫ് കവർ കുടുംബത്തിന് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന വിധത്തിൽ ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ എന്ന പേരിലാണ് പുതിയ വരുമാന പദ്ധതി. ഉപയോക്താക്കൾക്ക് അവരുടെ ആവശ്യാനുസരണം തുക പിൻവലിക്കാനും മൊത്തം തുകയുടെ കാലാവധി നിശ്ചയിക്കാനും പദ്ധതിയിൽ സൗകര്യമുണ്ടാവും. ഉപയോക്താക്കളുടെ ചെറിയ കാലയളവിലേക്കും ദീർഘകാലത്തേക്കുമുള്ള ആവശ്യങ്ങൾ സാധിക്കുന്ന തരത്തിൽ നിക്ഷേപിക്കുകയും ചെയ്യാം. തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന പദ്ധതിക്ക് രൂപം നൽകാൻ സാധിക്കുന്ന തരത്തിലുള്ള സൗകര്യവുമുണ്ട്. മറ്റ് സേവനങ്ങൾക്കൊപ്പം തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന സേവനങ്ങളും പ്രീമിയം പേയ്മെന്റ് കാലയളവും ഉപയോക്താക്കൾക്ക് തന്നെ നിശ്ചയിക്കാം. വരുമാനം ലഭിക്കുന്ന കാലയളവിൽ പോളിസി ഉടമ മരിക്കുകയാണെങ്കിൽ നോമിനിക്ക് വരുമാനം സ്വീകരിക്കുന്നത് തുടരാൻ സാധിക്കുമെന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത. 5 വർഷം മുതൽ 12 വർഷം വരെയുള്ള പ്രീമിയം പേയ്മെന്റ് കാലയളവ് ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോയിലുണ്ട്.

# പി.ഒ.സി ബൈബിളിന്റെ പുതിയ ആപ്ലിക്കേഷൻ നിലവിൽവന്നു



**കൊച്ചി:**പി.ഒ.സി ബൈബിളിന്റെ പുതിയ മൊബൈൽ ഫോൺ ആപ്ലിക്കേഷൻ നിലവിൽവന്നു.ഏറ്റവും പുതിയ ഫീച്ചറുകളോടുകൂടി വളരെ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന രീതിയിലാണ്പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷൻ രൂപപ്പെടുത്തിയിരിക്കുന്നത്. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ പുതിയ ആപ്ലിക്കേഷൻ ലോഞ്ച് ചെയ്തു. പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി, ഫാ. ജോജു കോക്കാട്ട് എന്നിവർ പദ്ധതിക്ക് നേതൃത്വം നൽകി. ജീസസ് യൂത്ത് ടീമിലെ വിന്നി ഫെർണാസും ബിജു പി.സി. യുമാണ് ആപ്ലിക്കേഷൻ നിർമിച്ചത്. എല്ലാവർക്കും ഉപയുക്തമായ രീതിയിൽ സൗജന്യമായി ആൻഡ്രോയിഡ് ഫോണുകൾക്കും ആപ്പിൾ ഫോണുകൾക്കും ഈ ആപ്ലിക്കേഷൻ ലഭ്യമാണെന്ന്  പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി പറഞ്ഞു.

# എറണാകുളം മെഡിക്കൽ കോളേജ്: 10 കോടിയുടെ വികസന പദ്ധതികൾക്ക് അനുമതി

## മെഡിക്കൽ കോളേജിൽ ആദ്യമായി എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട്

**തിരുവനന്തപുരം:** എറണാകുളം മെഡിക്കൽ കോളേജിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വിവിധ ആശുപത്രി ഉപകരണങ്ങൾക്കും സാമഗ്രികൾക്കുമായി 8.14 കോടി രൂപയും വാർഷിക അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി 1.86 കോടി രൂപയുമാണ് അനുവദിച്ചത്. ഇതിലൂടെ എറണാകുളം മെഡിക്കൽ കോളേജിൽ കൂടുതൽ വികസനം സാധ്യമാകുമെന്ന് മന്ത്രി വ്യക്തമാക്കി.മെഡിക്കൽ കോളേജിൽ ആദ്യമായി പൾമണോളജി വിഭാഗത്തിൽ 1.10 കോടിയുടെ എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട് (EBUS), കാർഡിയോളജി വിഭാഗത്തിൽ 1.20 കോടിയുടെ കാർഡിയാക് ഒസിടി വിത്ത് എഫ്എഫ്ആർ, റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 42 ലക്ഷം രൂപയുടെ അൾട്രാസൗണ്ട് മെഷീൻ വിത്ത് കളർ ഡോപ്ലർ 3ഡി/4ഡി ഹൈ എൻഡ് മോഡൽ, ഇഎൻടി വിഭാഗത്തിൽ ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, അനസ്തേഷ്യ വിഭാഗത്തിൽ ഡിഫിബ്രിലേറ്റർ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, മെഡിസിൻ വിഭാഗത്തിൽ 2 ഡിഫിബ്രിലേറ്റർ, സർജറി വിഭാഗത്തിൽ ലാപറോസ്കോപിക് ഇൻസുഫ്ളേറ്റർ, വിവിധ വിഭാഗങ്ങളിലെ കെമിക്കലുകൾ, ഗ്ലാസ് വെയർ, എക്സ്റേ, സി.ടി., എം.ആർ.ഐ. ഫിലിം, മെഡിക്കൽ ഗ്യാസ്, ബ്ലഡ് ബാഗ് തുടങ്ങിയവ സജ്ജമാക്കാൻ  തുകയനുവദിച്ചു.അഡ്മിനിസ്ട്രേഷൻ




ബ്ലോക്കിലും പത്തോളജി ബ്ലോക്കിലും എൻ.എം.സി. മാർഗനിർദേശമനുസരിച്ചുള്ള സിസിടിവി സിസ്റ്റം, അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലും ഹോസ്പിറ്റൽ ബ്ലോക്കിലും ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ഒഫ്ത്താൽമോളജി വിഭാഗത്തിൽ മോട്ടോറൈസ്ഡ് ഒ.ടി. ടേബിൾ, ഇഎൻടി വിഭാഗത്തിൽ മാനികിൻസ്, ഹിസ്റ്റോപത്തോളജി വിഭാഗത്തിൽ മോണോക്യുലർ മൈക്രോസ്കോപ്പ്, മൈക്രോബയോളജി വിഭാഗത്തിൽ ഇൻക്യുബേറ്റർ ലാർജ് തുടങ്ങിയ വിവിധ ആശുപത്രി സാമഗ്രികൾക്കും തുകയനുവദിച്ചു. കൂടാതെ സിവിൽ ഇലട്രിക്കൽ വാർഷിക മെയിന്റനൻസ്, കാർഡിയോളജി ബ്ലോക്കിലെ നവീകരണം എന്നിവയ്ക്കായും തുകയനുവദിച്ചിട്ടുണ്ട്.

# എംഎസ്എംഇ പ്രമോഷൻ കൗൺസിൽ ഉച്ചകോടി സംഘടിപ്പിച്ചു




**ചെന്നൈ:** എംഎസ്എംഇ പ്രമോഷൻ കൗൺസിൽ ചെന്നൈയിലെ ക്രൗൺ പ്ലാസ ഹോട്ടലിൽ എംഎസ്എംഇ ബിസിനസ് സ്കെയിൽ അപ്പ് ഉച്ചകോടി സംഘടിപ്പിച്ചു. ചടങ്ങിൽ തമിഴ്നാട് ചെയർമാൻ എം വി ചൗധരിയും മറ്റ് നിയുക്ത അംഗങ്ങളും ഉൾപ്പെടെ തമിഴ്നാട് ടീമിലെ എല്ലാ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു. കേന്ദ്ര എംഎസ്എംഇ മന്ത്രി നാരായൺ ടി റാണെ, എംഎസ്എംഇ, എൻഎസ്ഐസി, കയർ ബോർഡ്, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്, സെന്ട്രല് ബാങ്ക് ഓഫ് ഇന്ത്യ, ഖാദി ഇന്ഡസ്ട്രീസ് തുടങ്ങിയ സ്ഥാപനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു. കേന്ദ്ര, സംസ്ഥാന സർക്കാർ , ധനകാര്യ സ്ഥാപനങ്ങൾ , സർക്കാരിതര സംഘടനകൾ തുടങ്ങിയ മേഖലകളിലെ പദ്ധതികൾ , ആനുകൂല്യങ്ങൾ , ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, ഈ മേഖല താഴേത്തട്ടില് നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുക, അവയെ മറികടക്കാനും സംരംഭകരെ അഭിവൃദ്ധി പ്രാപിക്കാനും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നല്കാനും പര്യാപ്തമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

# 'നിലാവിലേക്ക്' മരുന്നുകളും ഉപകരണങ്ങളും നൽകി



**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ പെയിൻ ആന്റ് പാലിയേറ്റീവ് വിഭാഗത്തിലേക്ക് ഘശീഹമ അഹൗാശി അഹൈീരശമശേീ ഗല്യമഹമ ഇവമുല്യേ മരുന്നുകളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്തു.2 ലക്ഷം രൂപയുടെ മരുന്ന് ഉൾപ്പെടെയാണ് വാങ്ങി നൽകിയത്. അഞ്ഞൂറിലധികം രോഗികളെ വീടുകളിലെത്തി ശുശ്രൂഷിക്കുന്ന ഈ പാലിയേറ്റീവ് വിഭാഗത്തിന് ജില്ലയിൽ പ്രഥമ സ്ഥാനമാണുള്ളത്. 6 പാലിയേറ്റീവ് നഴ്സസ്, 5 ഡ്രൈവർ,  2 ഡോക്ടർ അടങ്ങുന്ന യൂണിറ്റ് സുമനസുകളിൽ നിന്ന് സമാഹരിക്കുന്ന സാധന സാമഗ്രികളും മരുന്നുകളും കൂടി ഉപയോഗിച്ചാണ്  പ്രവർത്തിക്കുന്നത്. കോൺഫറൻസ് ഹാളിൽ  നടന്ന ചടങ്ങിൽ റോ മുൻ മേധാവി  ഹോർമ്മിസ് തരകൻ മുഖ്യ പ്രഭാഷണം നടത്തി.ജില്ലയിൽ മാതൃകാപരമായ പ്രവർത്തനം നടത്തുന്ന പാലിയേറ്റീവ് നഴ്സുമാരെയും ജീവനക്കാരെയും ഹോർമിസ് തരകൻ അഭിനന്ദിച്ചു. 250 ഇൽ അധികം പ്രൈമറി പാലിയേറ്റീവ് കെയർ രോഗികളും അത്രത്തോളം സെക്കൻഡറി പാലിയേറ്റീവ് കെയർ രോഗികളുടെയും മുഴുവൻ ഭവന ചികിത്സ ഉൾപ്പെടെ ചെയ്യുന്ന  നിലാവ് പാലിയേറ്റീവ് വിഭാഗം മാതൃകയാണ്. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ ആർ.ഷാഹിർഷ,   പാലിയേറ്റീവ് വിഭാഗം മേധാവി ഡോ അനു അശോകൻ, ബേസിക് ചാരിറ്റബിൾ മാനേജിംഗ് ട്രസ്റ്റി എസ് മുരളീധരൻ, സി ഫുഡ് എക്സ്പോട്ടർ  നോബർട് കാരിക്കശേരി,സ്റ്റാൻലി കുഞ്ഞിപ്പാലു,   ജനറൽ ഹോസ്പിറ്റൽ ഡെപ്യൂട്ടി സൂപ്രണ്ട് ഡോ സുഷമ, പോൾ ജയിംസ് എന്നിവർ സംസാരിച്ചു.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി വികസന സമിതിയുടെ കീഴിൽ ഒഴിവുള്ള ആയുർവേദ തെറാപ്പിസ്റ്റ് തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനത്തിനായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. എസ്.എസ്.എൽ.സി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നടത്തുന്ന ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് എന്നിവ പാസായ ഉദ്യോഗാർത്ഥികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും. പ്രവൃത്തി പരിചയം അഭിലക്ഷണീയം. പ്രായപരിധി 50 വയസ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവയുടെ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 20ന് രാവിലെ 11 ന് തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ട് മുമ്പാകെ വാക്ക് ഇൻ ഇന്റർവ്യൂവിന് പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾ 0484 2777489, 0484 2776043 നമ്പറിലോ ആശുപത്രി ഓഫീസിൽ നിന്നോ അറിയാം.

# ലഹരി വിരുദ്ധ ക്യാമ്പയിൻ:ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു

**കൊച്ചി:** ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കോതമംഗലം നഗരസഭയുടെ ആഭിമുഖ്യത്തിൽ  ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. ആന്റണി ജോൺ എം.എൽ.എ ടൂർണമെന്റ്  ഉദ്ഘാടനം ചെയ്തു.മാർ ബേസിൽ, സെന്റ് ജോർജ്, എംഎ ഇന്റർനാഷണൽ, വിമലഗിരി, ക്രിസ്തുജ്യോതി, ബസാനിയ, ഗവ ഹൈസ്കൂൾ മാതിരപ്പിള്ളി എന്നീ ഏഴ് സ്കൂളുകൾ  പങ്കെടുത്തു. ആവേശകരമായ ഫൈനൽ മത്സരത്തിൽ സെന്റ് ജോർജ് സ്കൂളിനെ പരാജയപ്പെടുത്തി മാർബേസിൽ സ്കൂൾ ടീം ജേതാക്കളായി. വിജയികൾക്ക് നഗരസഭ വിദ്യാഭ്യാസകാര്യ സ്ഥിരം സമിതി അധ്യക്ഷൻ അഡ്വ. ജോസ് വർഗീസ് ട്രോഫികൾ വിതരണം ചെയ്തു.മാർ ബേസിൽ സ്കൂൾ ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ കോതമംഗലം നഗരസഭ ചെയർമാൻ കെ.കെ ടോമി അദ്ധ്യക്ഷത വഹിച്ചു. നഗരസഭ സ്ഥിരം സമിതി അധ്യക്ഷരായ കെ.എ നൗഷാദ്, കെ.വി തോമസ്, കൗൺസിലർമാരായ എ.ജി ജോർജ്, സിജോ വർഗീസ്, ഭാനുമതി രാജു, പ്രവീണ ഹരീഷ്, അഡ്വ. ഷിബു കുര്യാക്കോസ്, സിബി സ്കറിയ, എൽദോസ് പോൾ, റിൻസ് റോയ്, സൈനുമോൾ രാജേഷ്, മാർ ബേസിൽ സ്കൂൾ കായിക അധ്യാപകരായ ഷിബി മാത്യു, സിജു തോമസ് തുടങ്ങിയവർ പങ്കെടുത്തു.

# ബ്രിട്ടനിലേക്ക് 150 റോബോട്ടുകൾ: കരാർ സ്വന്തമാക്കി ശാസ്ത്ര റോബോട്ടിക്സ്




**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻക്യൂബേറ്റ് ചെയ്ത ശാസ്ത്ര റോബോട്ടിക്സ് ബ്രിട്ടനിലേക്ക് 150 റോബോട്ടുകളെ കയറ്റി അയക്കാനുള്ള കരാർ സ്വന്തമാക്കി. ബ്രിട്ടനിലെ ലോകോത്തര കമ്പനിയുമായാണ് ശാസ്ത്ര റോബോട്ടിക്സ് കരാർ ഒപ്പിട്ടിരിക്കുന്നത്. ഇതുവഴി ബ്രിട്ടൻ കേന്ദ്രീകരിച്ചു ശാസ്ത്ര റോബോട്ടിക്സിനു പ്രവർത്തിക്കാനാകും.മനുഷ്യവിരലുകളെ പോലെ സ്പർശിക്കാൻ ശേഷിയുള്ള യന്ത്രക്കൈകൾ ഉപയോഗിച്ച് മനുഷ്യന് സാധ്യമല്ലാത്ത ക്വാളിറ്റി ടെസ്റ്റിംഗ് ജോലികൾ ഓട്ടോമാറ്റിക് ആയി ചെയ്യുന്ന റോബോട്ടുകളാണ് ശാസ്ത്ര റോബോട്ടിക്സ് വികസിപ്പിച്ചെടുത്തത്. മൊബൈൽ, ബഹിരാകാശം, പ്രതിരോധം, ബാങ്കിങ്, അത്യാധുനിക ഉപകരണങ്ങൾ എന്നിവയിലെ തകരാറുകൾ നിർമിതബുദ്ധി ഉപയോഗിച്ച് കണ്ടുപിടിക്കാനാണ് ഇത്തരം റോബോട്ടുകളെ ഉപയോഗിക്കുന്നത്.മെയ്ഡ് ഇൻ കേരള, മെയ്ക്ക് ഇൻ ഇന്ത്യ എന്നീ പദ്ധതികളുടെ അഭിമാനാർഹമായ നേട്ടമാണ് ശാസ്ത്ര കൈവരിച്ചിരിക്കുന്നതെന്ന് കമ്പനി സഹസ്ഥാപകനും സിഇഒയുമായ അരോണിൻ പൊന്നപ്പൻ പറഞ്ഞു. റോബോട്ടിക്സ് മേഖലയിൽ, കേരളത്തിൽ നിന്നും ഇത്രയും വലിയ കരാർ ലഭിക്കുന്നത് ആദ്യമായിട്ടാണെന്നും അദ്ദേഹം പറഞ്ഞു.പൂർണമായും കേരളത്തിൽ രൂപകൽപ്പന ചെയ്തു വികസിപ്പിച്ചെടുത്തതാണ് ഈ റോബോട്ടുകൾ. ടച്ച് സ്ക്രീനുകളിലെ സോഫ്റ്റ്വെയർ ആൻഡ് ഹാർഡ്വെയർ തകരാറുകൾ കണ്ടുപിടിക്കുന്നതിൽ മനുഷ്യ ഇടപെടൽ പരമാവധി കുറയ്ക്കാൻ ഇവയ്ക്കു സാധിക്കും. കൂടാതെ നിർമിതബുദ്ധി ഉപയോഗിച്ച് തകരാറുകളുടെ കാരണം പ്രവചിക്കാനും ഇവയ്ക്ക് സാധിക്കും. ദേശീയ, അന്തർദേശീയ തലത്തിൽ നിരവധി പുരസ്കാരങ്ങൾ ശാസ്ത്ര നേടിയിട്ടുണ്ട്. ജർമൻ കമ്പനിയായ റോബർട്ട് ബോഷ്, ഒഇഘ, ടെക് മഹിന്ദ്ര, ഝൗമഹരീാ, അആആ തുടങ്ങിയ ലോകോത്തര കമ്പനികളാണ് ശാസ്ത്രയുടെ ഉപഭോക്താക്കളിൽ മുൻനിരയിൽ നിൽക്കുന്നത്. ബ്രിട്ടനു പുറമേ അമേരിക്കയിലേക്കും ശാസ്ത്ര റോബോട്ടുകളെ കയറ്റി അയക്കുന്നുണ്ട്.

# 'കാഴ്ച 2023' ഏകാംഗ ഫോട്ടോഗ്രാഫി പ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന പ്രവീഷ് ഷൊർണൂരിന്റെ ഏകാംഗ ഫോട്ടോഗ്രാഫി പ്രദർശനം 'കാഴ്ച 2023' ഇന്ന് തൃശ്ശൂർ ആർട്ട് ഗ്യാലറിയിൽ ആരംഭിക്കും.കേരള ലളിതകലാ അക്കാദമിയുടെ 202223ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം വൈകുന്നേരം 5 മണിക്ക് കലാനിരൂപകൻ ജി.എസ്. പേ ാൾ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള ലളിതകലാ അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ.എൻ.ആർ. ഗ്രാമപ്രകാശ് നിർവ്വഹിക്കും. കലാഗവേഷകയും അധ്യാപികയുമായ മെൽബിൻ തോമസ് ക്യൂറേറ്റ് ചെയ്യുന്ന പ്രദർശനത്തിൽ ഇരുപതോളം ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വള്ളുവനാടൻ കാഴ്ചകളും നിറങ്ങളും തനതിടങ്ങളിൽ നിന്ന് പകർത്തിയെടുത്തിരിക്കുന്ന പ്രവീഷിന്റെ ചിത്രങ്ങൾ മധ്യകേരളത്തിന്റെ ജീവിത ചിത്രങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ക്യാമറയുടെ സാന്നിധ്യം അറിയിക്കാതെ ഒപ്പിയെടുത്തിട്ടുള്ള ചിത്രങ്ങൾ ജീവിത സ്വാഭാവികതയിലേക്കൊരു നോട്ടമായി നിലകൊള്ളുന്നു. ഭാരതപ്പുഴയുടെ ഓരം പറ്റി ജീവിതചിത്രങ്ങളും വാർത്ത ചിത്രങ്ങളും പകർത്തിയെടുത്തിരിക്കുന്ന ഛായാഗ്രാഹകന് ഫോട്ടോഗ്രാഫിയുടെ സങ്കേതങ്ങളും സാധ്യതകളും ഉപയോഗിച്ച് സുന്ദരചിത്രങ്ങൾ നിർമ്മിക്കുക യെന്നതിനുപരി താൻ ഒപ്പിയെടുത്ത നിമിഷങ്ങളുടെ സാമൂഹിക സാംസ്കാരിക തലങ്ങളും കാഴ്ചക്കാരി ലേക്കെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലസ് ടു വിദ്യാഭ്യാസത്തിനൊപ്പം ഫോട്ടോഗ്രാഫി പരിശീലിച്ച പ്രവീഷ് കഴിഞ്ഞ 13 വർഷമായി പ്രൊഫഷണൽ ഫോട്ടോഗ്രാഫറായും ന്യൂസ് ഫോട്ടോഗ്രാഫറായും പ്രവർത്തിച്ചു വരുന്നു.




ഇതിനോടൊപ്പം നിരവധി കലാകാരന്മാർക്ക് ഫോട്ടോഗ്രാഫി പരിശീലനവും കേരള കലാമണ്ഡലത്തിനായി കൾച്ചറൽ ഫോട്ടോഗ്രാഫിയും ചെയ്തു വരുന്നു. മലയാള മനോരമയുടെ ഓൺലൈൻ ഫോട്ടോഗ്രാഫി അവാർഡ്, എ കെ പി എ യുടെ മേഖലാ, സംസ്ഥാന തല അവാർഡുകൾ, കേരള സ്റ്റേറ്റ് റിസർച്ച് സെന്റർ അവാർഡ്, കേരള സ്റ്റേറ്റ് പ്രൊഫഷണൽ ഫോട്ടോഗ്രഫി അവാർഡ്, എം പി സണ്ണി മെമ്മോറിയൽ സ്റ്റേറ്റ് ഫോട്ടോഗ്രാഫി അവാർഡ് എന്നിവ നേടിയിട്ടുണ്ട്. പ്രദർശനം സെപ്തംബർ 17ന് സമാപിക്കും. പ്രദർശനസമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 6.30 വരെയാണ്.

## ലെഗ്രാൻഡിന്റെ 'ഓൾസി' സ്വിച്ചുകൾ വിപണിയിൽ



**തിരുവനന്തപുരം:** ഇലക്ട്രിക്കൽ, ഡിജിറ്റൽ ബിൽഡിംഗ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിലെ ആഗോള തലവനായ ലെഗ്രാൻഡ് ഇന്ത്യ ' ഓൾസി ' സ്വിച്ച് ശ്രേണി അവതരിപ്പിച്ചു. ഗുണമേന്മയെ കൂടാതെ മനോഹരമായ ഡിസൈനും കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളും ഇതിന്റെ പ്രത്യേകതകളാണെന്ന് കമ്പനി സി ഇ ഒ യും എം ഡിയുമായ ടോണി ബെർലാൻഡും മാർക്കറ്റിംഗ് ഡയറക്ടർ സമീർ സക് സെനയും പറഞ്ഞു.ഒരേ സമയം വിവിധ ജോലികൾ ചെയ്യുന്ന ഈ കാലഘട്ടത്തിലെ മൾട്ടി ടാസ്ക്കർമാരുടെ ജീവിതം ലളിതമാക്കുന്ന രീതിയിലാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. ഒരിടത്ത് നിന്നുകൊ് റിമോട്ട് കൺട്രോൾ യൂണിറ്റ് ഉപയോഗിച്ച് നാല് ലൈറ്റുകളും ഒരു ഫാനും നിയന്ത്രിക്കാനാവും. കൂടാതെ ശബ്ദ രഹിത അൾട്രാ സോഫ്റ്റ് ടച്ച് റോക്കർ സ്വിച്ചുകളുമു്. ഓരോ ഉപ്പന്നത്തിലും ഗുണനിലവാര സർട്ടിഫിക്കറ്റുകളും സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പുവരുത്തിയിട്ടുന്നെും ഇവർ വ്യക്തമാക്കി. കഴിഞ്ഞ 25 വർഷങ്ങളായി. ലെഗ്രാൻഡ് ഉൽപ്പന്നങ്ങളുടെ സജീവ സാന്നിധ്യമു് ഇന്ത്യൻ വിപണിയിലു്.

## റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി/മുംബൈ:**ഇന്ത്യയിലെ ഏറ്റവും വലിയ സ്കോളർഷിപ്പ് പ്രോഗ്രാമുകളിൽ ഒന്നായ റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ് പ്രോഗ്രാം, 2023-24 അധ്യയന വർഷത്തേക്കുള്ള സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. ഇന്ത്യയിലുടനീളമുള്ള ബിരുദ വിദ്യാർത്ഥികൾക്കുമായി 5,000 ബിരുദ സ്കോളർഷിപ്പുകൾ ലഭ്യമാണ്.2023 ഒക്ടോബർ 15 ആണ് അപേക്ഷിക്കാനുള്ള അവസാന തീയതി. എല്ലാ പഠന ശാഖകളിലുമുള്ള എല്ലാ ഒന്നാം വർഷ റെഗുലർ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. റിലയൻസ് ഫൗണ്ടേഷൻ ബിരുദ സ്കോളർഷിപ്പ് പ്രോഗ്രാമിലൂടെ റെഗുലർ ബിരുദ കോഴ്സുകൾക്ക് 2 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകും.യുവാക്കളുടെ കഴിവിനെ ശാക്തീകരിക്കുക എന്ന റിലയൻസിന്റെ സ്ഥാപക ചെയർമാൻ ധീരുഭായ് അംബാനിയുടെ കാഴ്ചപ്പാടിനെ മുന്നോട്ട് കൊണ്ടുപോകുകയും ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള യുവാക്കളുടെ പ്രവേശനം ശക്തിപ്പെടുത്തുകയുമാണ് റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പുകൾ ലക്ഷ്യമിടുന്നത്.2022 ഡിസംബറിൽ ധീരുഭായ് അംബാനിയുടെ 90ാം ജന്മവാർഷിക വേളയിൽ, യുവാക്കളെ ശാക്തീകരിക്കാനുള്ള തന്റെ കാഴ്ചപ്പാടിന്റെ ഭാഗമായി അടുത്ത 10 വർഷത്തിനുള്ളിൽ 50,000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുമെന്ന് റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത അംബാനി പ്രഖ്യാപിച്ചിരുന്നു.ലോകത്തിലെ ഏറ്റവും വലിയ യുവജനസംഖ്യയാണ് ഇന്ത്യയിലുള്ളത്, രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് കൊുപോകാൻ നമ്മുടെ യുവജനങ്ങൾക്ക് അപാരമായ കഴിവു്. റിലയൻസ് ഫൗണ്ടേഷനിൽ, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവസരവും പ്രവേശനവും നൽകാൻ ഞങ്ങൾ പ്രവർത്തിക്കുന്നു. യുവാക്കളെ അവരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനും ഇന്ത്യയുടെ വളർച്ചയ്ക്ക് സംഭാവന നൽകാൻ അവരെ സഹായിക്കുന്നതിനും ഞങ്ങൾ ശക്തമായി പ്രതിജ്ഞാബദ്ധരാണെന്നും റിലയൻസ് ഫൗണ്ടേഷൻ സിഇഒ ജഗന്നാഥ കുമാർ പറഞ്ഞു.

## സൊളാരിയൺ ഗാർഡൻ ലൈറ്റ്സ് പുറത്തിറക്കി ക്രോംപ്ടൺ



**കൊച്ചി :** ക്രോംപ്ടൺ ഗ്രീവ്സ് പുതിയ ഔട്ട്ഡോർ ലൈറ്റിങ്ങ് നിരയായ സൊളാരിയൺ ഗാർഡൻ ലൈറ്റ്സ് പുറത്തിറക്കി. വീടിന്റെ നടവഴികൾക്കും പൂന്തോട്ടങ്ങൾക്കും ഗെയിറ്റിനും അനുയോജ്യമായ രീതിയിലാണിവ നിർമിച്ചിരിക്കുന്നത്. വ്യത്യസ്തമാർന്ന പൂന്തോട്ട ശൈലികൾക്കും താൽപ്പര്യങ്ങൾക്കും അനുസൃതമായ വിവിധ മോഡലുകൾ അടങ്ങിയ ഔട്ട്ഡോർ ലൈറ്റിങ്ങ് ശ്രേണിയാണ് ക്രോംടൺ ഒരുക്കിയിട്ടുള്ളത്. ഈ ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഐപി65 സർട്ടിഫൈഡ് ആയവയാണ്. വെള്ളം ഉള്ളിൽ കടക്കാത്ത ഇവയ്ക്ക് ഏറെ കാലം തുരുമ്പ് പിടിക്കാതെ നിലനിൽക്കുന്ന തരത്തിലുള്ള കോട്ടിങ്ങോടു കൂടിയ ബൾബ് ഹോൾഡറുകളു്.നിലവാരമുള്ള ഉൽപ്പന്നങ്ങൾക്ക് രൂപം നൽകി ഉപഭോക്താക്കൾക്ക് നൽകുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ക്രോംപ്ടൺ അതിന്റെ ഉൽപ്പന്നങ്ങൾക്ക് രൂപം നൽകുന്നതെന്നും പുതിയ ഗാർഡൻ ലൈറ്റുകളുടെ ശ്രേണി പുറത്തിറക്കുന്നതിൽ സന്തോഷമുന്നെും ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ലൈറ്റിങ്ങ് വിഭാഗം വൈസ് പ്രസിഡന്റും ബിസിനസ് ഹെഡ്ഡുമായ ഷലീൻ നായക് പറഞ്ഞു.

# മത്തിയുടെ ജനിതകരഹസ്യം സ്വന്തമാക്കി സിഎംഎഫ്ആർഐ

**കൊച്ചി:** സമുദ്രമത്സ്യ ജനിതക പഠനത്തിൽ നിർണായക ചുവടുവെയ്പുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കേരളീയരുടെ ഇഷ്ടമീനായ മത്തിയുടെ ജനിതകഘടനയുടെ (ജീനോം) സമ്പൂർണ ശ്രേണീകരണമെന്ന അപൂർവ നേട്ടമാണ് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ സ്വന്തമാക്കിയിരിക്കുന്നത്.ഇന്ത്യയിലാദ്യമായാണ് ഒരു കടൽമത്സ്യത്തിന്റെ ജനിതകഘടന കണ്ടെത്തുന്നത്.ഇന്ത്യൻ സമുദ്രമത്സ്യ മേഖലയിലെ നാഴികക്കല്ലാണിതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. മത്തിയുടെ ഫലപ്രദമായ പരിപാലനത്തിന് ഏറെ സഹായകരമാകുന്നതാണ് ഈ ജനിതകരഹസ്യം. അവയുടെ പൂർണമായ ജീവശാസ്ത്രം, പരിണാമം എന്നിവ കൃത്യമായി മനസ്സിലാക്കാനാകും. ഇത് മത്തിയുടെ പരിപാലനവും സംരക്ഷണവും കൂടുതൽ എളുപ്പമാക്കും.  കാലാവസ്ഥാപഠനം എളുപ്പമാകുംകടലിലെ ഏതൊക്കെതരം പ്രത്യേകതകളാണ് മത്തിയെ സ്വാധീനിക്കുന്നതെന്ന് തിരിച്ചറിയാനാകും. ഇതുവഴി, ഇടയ്ക്കിടെയുണ്ടാകുന്ന മത്തിയുടെ ഏറ്റക്കുറച്ചിലുകൾക്ക് പിന്നിലെ കാരണങ്ങളറിയാനും സഹായിക്കും. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കടലിലുണ്ടാകുന്ന മാറ്റങ്ങളോട് പെട്ടെന്ന് പ്രതികരിക്കുന്ന മത്സ്യമാണ് മത്തി. ജനിതകരഹസ്യം സ്വന്തമായതോടെ കാലാവസ്ഥാവ്യതിയാനം ഏതൊക്കെ രീതിയിലാണ് സമുദ്രസമ്പത്തിന് ഭീഷണിയാകുന്നതെന്ന് കണ്ടെത്താനാകും.  സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ സന്ധ്യ സുകുമാരന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘമാണ് പുതുതലമുറ ശ്രേണീകരണ സാങ്കേതിവിദ്യകളുപയോഗിച്ച് ഈ നേട്ടം സ്വന്തമാക്കിയത്.അതിർത്തികൾകടന്നു സഞ്ചരിക്കുന്ന മീനായതിനാൽ സർട്ടിഫിക്കേഷൻ പോലുള്ളവയക്ക് മത്തിയുടെ ഉറവിടസ്ഥലമേതെന്ന് കണ്ടെത്താനും എവിടെനിന്ന് പിടിച്ചതാണെന്ന് തിരിച്ചറിയാനും ജനിതകവിവരങ്ങൾ സഹാകരമാകും. മത്തിയെന്ന് പൊതുവെ വിളിക്കപ്പെടുന്ന ഇന്ത്യൻ ഓയിൽ സാർഡിന്റെ രണ്ട് പ്രധാന സ്റ്റോക്കുകളാണ് (വംശം) ശാസ്ത്രജ്ഞർ ഈ പഠനത്തിലൂടെ കണ്ടെത്തിയത്. ഇന്ത്യ, ഒമാൻ തീരങ്ങളിലുള്ളവയാണ് ഈ രണ്ട് സ്റ്റോക്കുകൾ.മത്തിയിലടങ്ങിയിട്ടുള്ള ഒമേഗ3 ഉൾപ്പെടെയുള്ള പോഷകസമ്പുഷ്ടമായ ഘടകങ്ങളുടെ ജനിതകസ്വഭാവവും കണ്ടെത്തിയിട്ടുണ്ട്. മനുഷ്യരുടെ ആരോഗ്യസംരക്ഷണത്തിന് വളരെയേറെ ഗുണംചെയ്യുന്ന പോഷകമൂല്യമടങ്ങുന്ന മത്സ്യമാണ് മത്തി. ഈ ഘടകങ്ങൾ ചേർത്തുള്ള പോഷകസമൃദ്ധമായ ഭക്ഷ്യപൂരകങ്ങളുടെ (ഫുഡ് സപ്ലിമെന്റ്) നിർമാണമുൾപ്പെടെയുള്ള സാധ്യതകളിലേക്ക് ഈ നേട്ടം വഴിതുറക്കും.  മത്തിയുടെ ഈ ജീനുകളെ വേർതിരിച്ച് മറ്റ് മീനുകളിലേക്ക് സന്നിവേഷിപ്പിക്കാനും ഭാവിയിൽ കഴിഞ്ഞേക്കും.മത്തിയുടെ 46,316 പ്രോട്ടീൻ ജനിതകഘടനകളുടെ ശ്രേണീകരണമാണ് സിഎംഎഫ്ആർഐ ഗവേഷകർ നടത്തിയത്. ഈ പഠനം ഏറെ പ്രശസ്തമായ അന്താരാഷ്ട്ര ജേണലായ നേച്ചറിന്റെ സയന്റിഫിക് ഡേറ്റയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



## ആയുർവേദ കോളജ് അസി.പ്രൊഫസർ: വാക്ക് ഇൻ ഇന്റർവ്യു

**തിരുവനന്തപുരം:**കണ്ണൂർ ഗവ. ആയുർവേദ കോളജിലെ ദ്രവ്യഗുണ വകുപ്പിൽ ഒഴിവുള്ള അധ്യാപക തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നതിന് 14ന് രാവിലെ 11ന് കണ്ണൂർ ഗവ. ആയുർവേദ കോളജിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. ഉദ്യോഗാർഥികൾ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും ബയോഡേറ്റയും സഹിതം എത്തണം. നിയമനം ലഭിക്കുന്നവർക്ക് പ്രതിമാസം 57,525 രൂപ സമാഹൃത വേതനം ലഭിക്കും. നിയമനം ഒരു വർഷത്തേക്കോ സ്ഥിര നിയമനം നടക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെയായിരിക്കും. കൂടുതൽ വിവരങ്ങൾ കോളജ് ഓഫീസിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ അറിയാം.

## സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരീക്ഷ

**തിരുവനന്തപുരം:** ഡൽഹി പോലീസിൽ കോൺസ്റ്റബിൾ (എക്സിക്യൂട്ടീവ്മെയിൽ ആൻഡ് ഫീമെയിൽ) തസ്തികയിലേക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നവംബർ 14 മുതൽ ഡിസംബർ 5 വരെയുള്ള കാലയളവിൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ നടത്തും. വിശദവിവരങ്ങൾ
https://ssc.nic.in Â.

# പുതിയ ജാവ 42 ബോബർ ബ്ലാക്ക് മിററുമായി ജാവ യെസ്ഡി



**കൊച്ചി:** 'ബോബർ' വിഭാഗത്തിൽ ആധിപത്യം ഉറപ്പിക്കുന്നതിന്റെ ഭാഗമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾ പുതിയ ജാവ42 ബോബർ ബ്ലാക്ക് മിറർ അവതരിപ്പിക്കുന്നു. ബോബർ ശ്രേണിയിലേക്കുള്ള ശ്രദ്ധയാകർഷിക്കുന്ന ഏറ്റവും പുതിയ കൂട്ടിചേർക്കലാണിത്. ജാവ42 ബോബർ ബ്ലാക്ക് മിററിന്റെ ഡൽഹിയിലെ എക്സ്ഷോറൂം വില 2,25,187 രൂപയാണ്.ഇന്നലെകളിലെ ജാവയുടെ സ്മരണകളുണർത്തുന്ന ക്രോം ടാങ്കുമായി ജാവ 42 ബോബർ ബ്ലാക്ക് മിറർ  തനത് സാന്നിദ്ധ്യം ഉറപ്പിക്കുന്നു. പ്രീമിയം ഡയമണ്ട് കട്ട് അലോയ് വീലുകൾ ഏതു റോഡിലും വേറിട്ടു നിൽക്കുന്നു. ജാവ 42 ബോബർ ബ്ലാക്ക് മിറർ 'ഏകത്വം' എന്ന ആശയത്തെ സജീവമാക്കുന്നു.334സിസി ലിക്വിഡ് കൂൾഡ്, സിംഗിൾ സിലിണ്ടർ മോട്ടോറിൽ റൈഡർമാർക്ക് 29.9 പിഎസ്, 32.7 എൻഎം പ്രതിക്ഷിക്കാം. ആറ് സ്പീഡ് ട്രാൻസിമിഷനാണ്. അസിസ്റ്റ് ആൻഡ് സ്ലിപ്പർ ക്ലച്ച് ഗിയർ ഷിഫ്റ്റ് അനായാസമാക്കുന്നു. അഡ്ജസ്റ്റബിൾ 740എംഎം സീറ്റ് റൈഡർമാർക്ക് സുഖകരമായ യാത്ര നൽകുന്നു.നൂതനമായ രൂപകൽപ്പനയും സവിശേഷതകളും ബോബർ മിററിനെ വേറിട്ടു നിർത്തുന്നുവെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ അശിഷ് സിങ് ജോഷി പറഞ്ഞു.

